ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

SEPTEMBER 2008
ലക്കം 101


മസനോബു ഫുക്കുവോക്ക:

## വൈയ്ക്കോലിനെ ആയുധമാക്കിയ ആചാര്യൻ

## എംഗൽസും വികസന വിരുദ്ധനോ?



## റിയാന്റെ അത്ഭുത കഥ



2008 സെപ്തംബർ
ലക്കം
101

**ലിറ്റിൽ മാസിക**
**ചുങ്കത്തറ പി.ഒ.**
**മലപ്പുറം - 679934**
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യുട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
ക്രിയേറ്റീവ് എഡിറ്റർ
**സതീഷ് ചളിപാടം**
സ്പെഷൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
ലേഔട്ട്
**ലിമ ക്രിയേറ്റീവ്**
ഡി.ടി.പി
**ശ്രീജേഷ് കെ.പി.**

1992 ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.

ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**Copyleft**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്, രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

## എഡിറ്റോറിയൽ

വന്യമായ ഉപഭോഗവും വിഭവങ്ങളുടെ ധാരാളിത്തവും മുഖമുദ്രയാക്കിയ പാശ്ചാത്യ വികസനശൈലിക്ക് ചില പാഠഭേദങ്ങൾ ഉണ്ടാവുന്നു. പാശ്ചാത്യ ലോകത്തുനിന്ന് കൂടുതൽ ഹരിത വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. സാങ്കേതിക ശാസ്ത്ര മുന്നേറ്റങ്ങൾ കൊണ്ടും മാത്രം ജീവിതം ഇനിമുന്നോട്ടുകൊണ്ടുപോകാൻ പറ്റില്ല എന്ന വീണ്ടുവിചാരം അത്യന്താപേക്ഷിതം. വാഹനപ്പെരുപ്പം കൊണ്ട് വീർപ്പുമുട്ടുന്ന പല പാശ്ചാത്യ നഗരങ്ങളും കാർ ഹോളിഡേ ദിനങ്ങൾ ആചരിക്കുന്നു. വാഹനങ്ങളിൽ കൂടുതൽ ആളെ കയറ്റുന്നവർക്ക് ടോൾഫ്രീ ഏർപ്പെടുത്തുക അത്തരം വാഹനങ്ങൾക്ക് മാത്രം എളുപ്പത്തിൽ പോവാൻ പ്രത്യേക മാർഗ്ഗം അനുവദിക്കുക.. തുടങ്ങിയ ചില നടപടികൾ വികസിതരാജ്യങ്ങളിൽ സാധാരണമാവുന്നു. ആണവോർജ്ജത്തെ കൂടുതൽ ആശ്രയിക്കുമ്പോൾ തന്നെ സൈക്കിൾ സവാരിയെ പ്രോത്സാഹിപ്പിക്കുന്ന പാരീസ് നഗരവും നമ്മൾ വികസ്വര സമൂഹത്തിന് വലിയ പാഠംതന്നെയാണ് നൽകുന്നത്. ഉപഭോഗത്തിൽ, ജീവിതശൈലിയിൽ ജീവിതകാഴ്ചപ്പാടിൽ നമുക്കുമുമ്പേ പറന്ന വികസിത സമൂഹങ്ങൾ വൈകിയാണെങ്കിലും വീണ്ടുവിചാരങ്ങൾക്ക് മുതിരുമ്പോൾ, പാശ്ചാത്യമാതൃകയെ നെഞ്ചിൽ കൊണ്ടുനടക്കുന്ന എല്ലാ സമൂഹങ്ങൾക്കും അത് ഒരു മുന്നറിയിപ്പാണ്.

## ഗസ്റ്റ്കോളം



### കോർപ്പറേറ്റ് ഹൈജാക്കും ഇന്ത്യൻ മീഡിയയും

**പി. സായ്നാഥ്**

ഇന്ത്യൻ മാധ്യമങ്ങളുടെ ധാർമ്മിക ചക്രവാളത്തിന് അപകടകരമായ വ്യതിയാനം സംഭവിച്ചിരിക്കുന്നു. കോർപ്പറേറ്റ് അജണ്ടകളിലേക്കുള്ള ഈ വ്യതിയാനത്തിന്റെ ഫലമാണ് ഭക്ഷണം, കൃഷി, തൊഴിൽ.... തുടങ്ങിയ വിഷയങ്ങളിൽ ഫലപ്രദമായ ഇടപ്പെടലിന് മാധ്യമങ്ങൾ മുതിരാത്തത്. കാലഘട്ടത്തിന്റെ മഹത്തായ മുന്നേറ്റങ്ങളിൽ ഇടപെടുകയും അതിന്റെ ഭാഗമാവുകയും ചെയ്യുന്നുണ്ടോ എന്നതിനനുസരിച്ചാണ് നല്ല ജേണലിസം വിലയിരുത്തപ്പെടേണ്ടത്. ശിൽപ്പഷെട്ടി, ഐ പി എൽ, ലക്മി ഇന്ത്യ ഫാഷൻ വീക്ക് ഇവയൊന്നും കാലഘട്ടത്തിന്റെ മഹത്തായ മുന്നേറ്റമായി ഞാൻ കാണുന്നില്ല.

പാവപ്പെട്ടവനെ മാധ്യമശ്രദ്ധകളിൽ നിന്ന് പുറന്തള്ളുന്ന ഒരു കോർപ്പറേറ്റ് ഹൈജാക്ക് മാധ്യമ അജണ്ടകളെ വഴിതിരിച്ചുവിടുകയാണ്. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ പഠനപ്രകാരം വാർത്താചാനലുകളിൽ കൃഷി, വിദ്യാഭ്യാസം ആരോഗ്യം, പരിസ്ഥിതി ഇവയെല്ലാം കൂടിയുള്ള സമയത്തേക്കാൾ ഒമ്പത് ഇരട്ടി സമയമാണ് കേവല വിനോദത്തിനായി നീക്കിവെച്ചിരിക്കുന്നത്.

കോർപ്പറേറ്റ് ലക്ഷ്യങ്ങൾ പത്രങ്ങളിൽ സ്ഥാനം പിടിക്കുമ്പോൾ റിപ്പോർട്ടർമാർ, ബിസിനസ്സ്, എന്റർടെയിൻമെന്റ് രംഗങ്ങളിലെ ചൂടൻ വാർത്തകൾക്കുവേണ്ടിമാത്രം പായുന്നു. കൃഷിയും, തൊഴിലും, ഗ്രാമീണ വികസനവും, ആരോഗ്യവും, എല്ലാം തഴയപ്പെടുന്നു.

## പ്രതികരണം

**തപാലിൽ/ഫോണിൽ/ഇ മെയിലിൽ/ S.M.S ൽ / നേരിൽ**

### നുറുങ്ങുവെട്ടത്തിന്റെ സൗമ്യതയും സൗന്ദര്യവും

ലിറ്റിൽ മാസികയുടെ 100-ാം പതിപ്പ് വായിച്ചു. ചെറുതിനാണ് ഭംഗിയുള്ളത് എന്ന ഏണസ്റ്റ് ഷൂമാക്കറുടെ ദർശനമാണ് ലിറ്റിൽ മാഗസിനു പ്രചോദനം എന്ന അറിവ് ഏറെ സന്തോഷമുളവാക്കുന്നു. വലിയ വെളിച്ചങ്ങളൊക്കെ അന്ധത വളർത്തുന്ന ഇക്കാലത്ത്, ഇത്തരം നുറുങ്ങുവെട്ടങ്ങളാണ് കണ്ണുതുറപ്പിക്കുന്നതും വഴിക്കാട്ടുന്നതും.

കാഴ്ചക്കുള്ള വലിപ്പമല്ല യഥാർത്ഥ വലിപ്പമെന്നും അത് അനുഭവത്തിന്റെ സൂക്ഷ്മതയിലാണിരിക്കുന്നത് എന്നുമുള്ള തിരിച്ചറിവിലേയ്ക്ക് ലോകം കൂടുതൽ കൂടുതൽ ഉയർന്നു വരികയാണ്.

വലുതാക്കുക എന്നത് കച്ചവടക്കാരന്റെ മാത്രം താല്പര്യമായിത്തീരുമ്പോൾ വലിയ നിർമ്മിതികളെന്തും, വലിയ കെട്ടുകാഴ്ചകളേതും, പ്രകൃതി വിരുദ്ധമായിത്തീരുന്നു. ജീവന്റെ സുസ്വരതക്കും സ്വച്ഛതക്കും എതിരായിത്തീരുന്നു.

കോർപ്പറേറ്റ് വാണിഭതാല്പ്പര്യങ്ങളുടെ വലുതുകളെ ഇനിയും ഈ ഭൂമിക്കു താങ്ങാൻ വയ്യ. പളുങ്കുപോലുള്ള ഈ ഹരിതനീലഗ്രഹം വലുതുകളുടെ ഭാരം താങ്ങാനാവാതെ വീർപ്പുമുട്ടുകയാണ്. ചെറുതുകളുടെ ഭംഗിതേടുന്ന അന്വേഷണം, ഇനിയുള്ള കാലത്ത് നില നില്പിനായുള്ള ഏറ്റവുംസർഗ്ഗാത്മകമായ അന്വേഷണമാണ്. ഷൂമാക്കറിൽ തുടങ്ങി നമ്മൾ മിലാൻ കുന്ദേരയുടെ "Unbearable lightness of being" ലേക്ക് എത്തേണ്ടിയിരിക്കുന്നു. ഉണ്മയുടെ ഭാരക്കുറവ് നമ്മളെ വിസ്മയിപ്പിക്കുന്നതാണ്.

*സ്നേഹപൂർവ്വം*

***സി. രാജഗോപാലൻ***
**പള്ളിപ്പുറം- പട്ടാമ്പി 679305**

"മനുഷ്യർക്ക് ചെവികളില്ല. അതാണ് ജീവിതം എനിക്ക് നൽകിയ വലിയ പാഠം. ഒരാൾ പറയുന്നതുകേൾക്കാൻ ചെവിയില്ല." -താഹമാടായിയുടെ പുസ്തകത്തിൽ എന്നെ കുറിച്ചുള്ള 'ജീവനുള്ള ശവം' എന്ന അഭിമുഖത്തിൽ ഞാൻ പറയുന്ന കാര്യമാണിത്. ലിറ്റിൽ മാസികയിൽ വന്ന നഗ്ന ജീവിതങ്ങൾക്ക് പറയാനുള്ളത് എന്ന പുസ്തക കോളത്തിൽ ഇത് പറഞ്ഞത് സഖാവ് കുഞ്ഞികണ്ണേട്ടൻ എന്ന് എഴുതിയത് പുസ്തകം മനസ്സിരുത്തി വായിക്കാത്തതിനാൽ ആണ്. ഓർമ്മിപ്പിച്ചു എന്നേയുള്ളൂ. ലിറ്റിൽ മാസിക വളരെ ജോറായിരിക്കുന്നു. സർവ്വ മംഗളങ്ങളും. -*സുബൈദ നീലേശ്വരം*

## പ്രതികരണം......

ലിറ്റിൽ മാസിക 100-ാം പതിപ്പ് ശരിക്കും ആഘോഷിക്കേണ്ടതുതന്നെ. ചെറിയ കുറിപ്പുകളിൽ കൂടി വലിയ വിവരങ്ങൾ നൽകുന്നത് ഗംഭീരം.

*-വിഷ്ണു ദാസ്, രാസ്ത, കമ്പളക്കാട്, വയനാട്*

100-ാം പതിപ്പിന്റെ വലുപ്പം തന്നെ തുടരാൻ പറ്റിയാൽ നന്നായി.

*-ജാൻസി ഫ്രാൻസിസ്, തലശ്ശേരി.*

അറിവ് എന്നാൽ ഐശ്വര്യറായിയുടെ മെഷർമെന്റല്ലാ എന്ന ടി.ജെ എസ് ജോർജ്ജിന്റെ നിരീക്ഷണം വളരെ ചിന്തനീയമാണ്

*-ജയിംസ് ജയരാജ് മഞ്ചേരി*

ടി.ജെ എസ് ജോർജ്ജ് എന്ന മഹാനായ പത്രപ്രവർത്തകൻ 100-ാംപതിപ്പിലെ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ സമകാലിക പത്രപ്രവർത്തകരംഗത്തെ സത്യങ്ങൾ തന്നെയാണ്. മുഖ്യധാരാപത്രമാധ്യമങ്ങളുടെ പരിമിതികൾ ഒരു മുഖ്യധാരാ പത്രത്തിന്റെ പത്രാധിപർ കൂടിയായ അദ്ദേഹം വെളിപ്പെടുത്തിയത് കൗതുകകരം തന്നെ.അതിൽ അദ്ദേഹം കാണിച്ച ആർജ്ജവം സമ്മതിക്കേണ്ടതുതന്നെ.

*-എബിമോൻ ഏബ്രഹാം*
*നാസിക്, മഹാരാഷ്ട്ര*

ലിറ്റിൽ മാസികയുടെ 100.ാംപതിപ്പിൽ ഇന്ത്യൻ എക്സ്പ്രസ് എന്ന വമ്പൻ പത്രസ്ഥാപനത്തിന്റെ വക്താവായ ടി.ജെ. എസ് ജോർജ്ജിനെ തന്നെ അഭിമുഖത്തിന് തെരഞ്ഞെടുക്കേണ്ടതിനു പകരം കഴിവുണ്ടായിട്ടും വേണ്ടത്ര പരിഗണന ലഭിക്കാത്ത രാജ്യത്തെ നിരവധി മാധ്യമപ്രവർത്തകരെ ആരെയെങ്കിലും ആയിരുന്നു പരിഗണിക്കേണ്ടിയിരുന്നത്. ലിറ്റിൽ മാസികയും പായുന്നത് വിജയിച്ചവരുടെ പിന്നാലെ തന്നെയാണോ?

*-രാജൻ ചെറുതുരുത്തി.*

ലിമാ 100-ാം പതിപ്പ് വായിച്ചു. ഒന്നിലും 'ആഴം' ഇഷ്ടപ്പെടാത്ത എന്റെ തലമുറയിൽ പഴയതിനേയും പുതിയതിനേയും ഒരുപോലെ പ്രണയിക്കുന്നവനാണ് ഞാൻ. അതുകൊണ്ടാവാം ഇ-മെയിൽ / SMS നൊപ്പം നിരന്തരമായി തപാലിൽ കത്തെഴുതുന്നു. കുട്ടിക്കാലത്ത് മുറ്റത്തിനരികിലെ ചെറിയ ചെടികളെ നോക്കി 'എത്ര വലുതെന്ന്' ആശ്ചര്യപ്പെട്ടിട്ടുണ്ട്. ഉറുമ്പുകൾക്ക് പിറകെ യാത്ര പോയിട്ടുണ്ട്. വഴുക്കലിലെ 'പച്ച'യെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ഈ 21-ാം വയസ്സിലും അതൊക്കെ വീണ്ടും അറിയാനുള്ള ഊർജ്ജം ലിറ്റിൽ മാസിക തരുന്നുണ്ട്. മാസികയുടെ ആകുലതയിലും സ്വപ്നങ്ങളിലും ചേരുന്നു. സ്നേഹപൂർവ്വം ....

*-പ്രതീഷ് എം.പി.*

**ഭരണാധികാരികളുടെ വാത്സല്യമോ സ്വകാര്യമൂലധനത്തിന്റെ തുണയോ രാഷ്ട്രീയ-സാമുദായിക സംഘടനാബലമോ ഇല്ലാത്ത ഇത്തരമൊരു സംരംഭം സാധാരണ ഗതിയിൽ എത്രനാൾ നിലനിൽക്കും? അത്തരമൊരു കഥയാണ് ഇക്കണോമിക്ക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയുടേത്.**



## കൃഷ്ണരാജ്

1937 – 2004

ഇപിഡബ്ല്യൂ പത്രാധിപർ


ഇഷ്ടക്കാർ ഇപിഡബ്ല്യു എന്നു വിളിക്കുന്ന ഇക്കണോമിക്ക് ആൻഡ് പൊളിറ്റിക്കൽ വീക്‌ലിയുടെ പത്രാധിപരായിരുന്നു കൃഷ്ണരാജ്. കൃഷ്ണരാജിന്റെ കാലത്ത് ഇപിഡബ്ല്യു ഇന്ത്യയിലെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന സമ്പദ്‌വിശകലന വാരികയായി, അന്താരാഷ്ട്രതലത്തിൽ ആദരവ്നേടി. ഏതു സമ്പദ്ശാസ്ത്ര ഗവേഷണ സ്ഥാപനത്തെയും സർവ്വകലാശാലാപഠനവിഭാഗത്തെയുംകാളും ഇവിടുത്തെ സമ്പദ്ചിന്തയെ സ്വാധീനിച്ച, ജനകീയമാക്കിയ പ്രസ്ഥാനമായി മാറി. സമകാലിക ഇന്ത്യയുടെ സമ്പദ്ചരിത്രവും സമ്പദ്ചിന്താചരിത്രവും ഇപിഡബ്ല്യുവിലുണ്ട്.

എന്നാൽ സമ്പദ്‌വിശകലന വാരിക മാത്രമല്ല ഇപിഡബ്ല്യു. ഇതരസാമൂഹിക മണ്ഡലങ്ങളിൽ നിന്ന് ഒറ്റപ്പെട്ടുനിൽക്കുന്ന ഒന്നായി അത് സമ്പദ്‌വ്യവസ്ഥയെ കണ്ടില്ല. സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം- മൂന്നും ഇഴചേരുന്നതാണ് ഇപിഡബ്ല്യുവിന്റെ ഘടന. മറ്റ് സമ്പദ്ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ നിന്ന് അതിനെ വ്യത്യസ്തമാക്കുന്നത് ഈയൊരു ഘടനയാണ്. സാമ്പത്തിക പ്രക്രിയകൾ സാമ്പത്തികേതര പ്രക്രിയകളുമായി കണ്ണിചേരുന്നതെങ്ങനെയെന്ന് ഇപിഡബ്ല്യു എപ്പോഴും ശ്രദ്ധിച്ചു. യാഥാർത്ഥ്യത്തിന്റെ ജൈവസമഗ്രതയെ ഓർമ്മിച്ചു. അതുകൊണ്ട്, ചരിത്രവും പരിസ്ഥിതിയും വിവരസാങ്കേതികവിദ്യയും കുടിയേറ്റവും കോടതികളും കോളനികളും ആദിവാസി ജീവിതവും തൊഴിൽ പ്രക്രിയകളും പ്രക്ഷോഭങ്ങളും അടിച്ചമർത്തലും ജാതിബന്ധങ്ങളും വിദ്യാഭ്യാസവും നവസാമൂഹ്യപ്രസ്ഥാനങ്ങളും സിനിമയും വാരികയ്ക്ക് വിഷയമായി. അതുകൊണ്ട് തന്നെ വിപുലവും വൈവിധ്യമാർന്നതുമായ ഒരു വായനാസമൂഹം അതിനു കൈവന്നു. കവികളും ചിത്രകാരികളും നിരൂപകരും അഭിഭാഷകരും സാമൂഹികപ്രവർത്തകരുമൊക്കെ ഉൾപ്പെടുന്ന വായനാസമൂഹം. അവരുടെ സമകാലിക ചരിത്രബോധത്തെ ഇപിഡബ്ല്യു യാഥാർത്ഥ്യനിഷ്ഠവും ആധികാരികവുമാക്കി, തെളിമയുള്ളതാക്കി. ഇതര മാധ്യമങ്ങളിലൂടെ സംഭവിക്കുന്ന ദൈനംദിനതയുടെ നിഗൂഢവത്കരണത്തിന് പ്രതിരോധമായി. കവിതയെ, ശിൽപത്തെ, സാമൂഹികപ്രവർത്തനത്തെ, തത്ത്വചിന്തയെ കൂടുതൽ സത്യപ്രിയമാക്കി.

വാരികയുടെ 11-ാം വയസ്സിലാണ് കൃഷ്ണരാജ് ചേരുന്നത്. അന്ന് അത് ദി ഇക്കണോമിക്ക് വീക്ക്ലി. വാരികയെ 55-ാം വയസ്സിലെത്തിച്ചാണ് കൃഷ്ണരാജ് കടന്നുപോയത്. ഭരണാധികാരികളുടെ വാത്സല്യമോ സ്വകാര്യമൂലധനത്തിന്റെ തുണയോ രാഷ്ട്രീയ-സാമുദായിക സംഘടനാബലമോ ഇല്ലാത്ത ഇത്തരമൊരു സംരംഭം സാധാരണ ഗതിയിൽ എത്രനാൾ നിലനിൽക്കും? മാസങ്ങൾ? ഒന്നുരണ്ടു വർഷം? എന്നാൽ തെക്കെ മുംബൈയിലെ ചെറിയൊരു ആപ്പീസിലിരുന്ന്, വളരെ കുറച്ച് സഹപ്രവർത്തകരുടെ സഹായത്തോടെ, ആഴ്ചതെറ്റാതെ, ഉള്ളടക്കത്തിന്റെ മികവ് നിലനിർത്തിക്കൊണ്ട്, വിപണിയുടെ പ്രലോഭനങ്ങൾക്ക് വഴിപ്പെടാതെ, പ്രധാനമായും വരിസംഖ്യയെ ആശ്രയിച്ച്, 44 വർഷം ഒരു പ്രസിദ്ധീകരണം നടത്തുക- അതൊരു വിസ്മയമാണ്. അതാണ് കൃഷ്ണരാജ്. അല്ലെങ്കിൽ ഇപിഡബ്ല്യു.

*കെ.ടി.റാംമോഹൻ എഴുതി ഒലിവ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'കൃഷ്ണരാജിന്റെ പത്രമാർഗ്ഗം' എന്ന പുസ്തകത്തിൽ നിന്ന്*

### 'നെറ്റിൽ' നിന്നല്ല



ലിറ്റിൽ മാസിക 100-ാം പതിപ്പിന്റെ കവർ ചിത്രം കരീം മുണ്ടേങ്ങരയുടെ ശില്പമാണ്. ഇന്റർനെറ്റിൽ നിന്ന് എടുത്തതാണോ എന്നും മറ്റും പലരും തിരക്കിയിരുന്നു.

*ശില്പിയെക്കുറിച്ച് 12-ാം പേജിൽ.*

### നിങ്ങൾ 100 രൂപ അയച്ചോ?

ലിറ്റിൽ മാസിക 16 ലക്കങ്ങൾക്ക് 100 രൂപയാണ് വരിസംഖ്യ. ഇപ്പോൾ മാസിക സൗജന്യമായി ലഭിക്കുന്നവർ 100 രൂപതന്നാൽ 16 ലക്കങ്ങൾ പ്രയാസം കൂടാതെ ഇറങ്ങും. മാസികയുടെ നിലനിൽപ്പ് നിങ്ങളുടെ M.O യെ ആശ്രയിച്ച്! ദയവായി അതിനുവേണ്ടിയെങ്കിലും ഒന്നു തപാലാപ്പീസ് സന്ദർശിക്കുക.

# റിയാന്റെ അത്ഭുത കഥ

**വലിയമാറ്റങ്ങൾ ലോകത്തുവരുത്തുവാൻ ഒരു കുട്ടിക്കുപോലും കഴിയും എന്ന പാഠമാണ് റിയാൻ ലോകത്തിന് നൽകുന്നത്.**

ഒന്നാം ക്ലാസ്സുകാരനായ റിയാൻ ഫ്രിൽജാക് കുടിവെള്ളമില്ലാത്ത ഉഗാണ്ടയിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സാന്ദർഭികമായി ടീച്ചർ പ്രസ്ററ് പറഞ്ഞറിഞ്ഞു. 1998 ൽ ആയിരുന്നു അത്.

കാനഡയിൽ ഒരു സ്കൂളിൽ മിസ്സിസ് പ്രസ്റ്റ് എന്ന അധ്യാപിക കുടിവെള്ളമില്ലാതെ മരിക്കുന്നവരെക്കുറിച്ച് സാന്ദർഭികമായി താൻ പഠിപ്പിക്കുന്ന ക്ലാസ്സിൽ പറയുന്നു. ഒന്നാംക്ലാസ്സിലെ റിയാൻ ഫ്രിൽജാകിന്റെ കുഞ്ഞുമനസ്സിൽ അത് വലിയ ചലനങ്ങൾ ഉണ്ടാക്കി. നാല് മാസംകൊണ്ട് ചെറിയ ജോലികൾചെയ്തും, ചെറുസമ്പാദ്യങ്ങൾ സമാഹരിച്ചും 70 ഡോളർ ഉണ്ടാക്കി. 1999 ൽ ഉഗാണ്ടയിലെ ഗ്രാമപ്രദേശത്ത് ഒരു സ്കൂളിൽ ഒരു കുഴൽകിണർ റിയാന്റെ പണം കൊണ്ട് നിർമ്മിക്കുമ്പോൾ റിയാന് വയസ് 7. 7 വയസുകാരൻ വീട്ടുപണിചെയ്തും മറ്റും സമാഹരിച്ച് ഉണ്ടാക്കിയ 70 ഡോളറിൽ നിന്ന് 15 രാജ്യങ്ങളിലായി 432 കുഴൽക്കിണറുകൾ നിർമ്മിച്ച് 577,640 വരുന്ന ജനങ്ങൾക്ക് ശുദ്ധജലം എത്തിച്ച മഹാപ്രസ്ഥാനമായി അത് മാറി.

പതിനൊന്നാം ക്ലാസിലെത്തിയ റിയാന് ഇപ്പോൾ വയസ് 17. കുടിവെള്ളമില്ലാതെ കഷ്ടപെടുന്നവർക്ക്- അത് ലോകത്ത് എവിടെയാണെങ്കിലും ആശ്വാസമായി ലോകമെമ്പാടും ഓടിനടക്കുകയാണ് റിയാൻ ഇന്ന്.

റിയാൻസ് വെൽ ഫൗണ്ടേഷൻ എന്ന പേരിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ് റിയാൻ. ഭൂമിയിൽ എല്ലാവർക്കും കുടിവെള്ളം എന്ന സന്ദേശവുമായി രണ്ട് ഡസൻ രാജ്യങ്ങൾ ഇതിനകം റിയാൻ സന്ദർശിച്ചുകഴിഞ്ഞു. നൂറുകണക്കിന് സ്കൂളുകൾ, സംഘടനകൾ, രണ്ട് ഡസനിലേറെ അന്തർദേശീയ സെമിനാറുകൾ, റോട്ടറി ഇന്റർനാഷണൽ, വേൾഡ് വാട്ടർ ഫോറം എന്നിങ്ങനെയുള്ള വ്യത്യസ്ത വേദികളിൽ റിയാൻ തന്റെ ആശയം അവതരിപ്പിച്ചുകഴിഞ്ഞു. ഗ്ലോബൽ യൂത്ത് ലീഡർ എന്ന ബഹുമതി നൽകി യൂണിസെഫ് റിയാനെ ആദരിച്ചു.

റിയാനെത്തേടിയെത്തിയ പുരസ്കാരങ്ങൾ: വേൾഡ് ഓർഡർ ഓഫ് ചിൽഡ്രൻ ഫൗണ്ടേഴ്സ് അവാർഡ്, ഓർഡർ ഓഫ് ഒന്റാറിയോ (ഈ ബഹുമതി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ ആളാണ് റിയാൻ), ഒന്റാറിയോ മെഡൽ ഫോർ യംഗ് വോളന്റീയേഴ്സ്, ദ കനേഡിയൻ മെരിറ്റോറിയസ് സെർവ്വീസ് മെഡൽ, ടോപ്പ് 20 അണ്ടർ 20 യൂത്ത് അവാർഡ്. സി. എൻ സിബിസി, ഒപ്പ്റാവിൻഫ്രിഷോ തുടങ്ങിയ ടെലിവിഷൻ പരിപാടികളിൽ ഇതിനകം റിയാൻ വന്നു കഴിഞ്ഞു. ക്രിസ്റ്റ്യൻ സയൻസ് മോണിറ്റർ, പ്യൂപ്പിൾ, റീഡേഴ്സ് ഡൈജസ്റ്റ്, ടൈം, ടൈംസ് ഓഫ് ലണ്ടൻ, വാട്ടർവോയ്സ്,... തുടങ്ങിയ പ്രസിദ്ധീകരണങ്ങളും റിയാന്റെ സാഹസിക കഥ ചർച്ചാവിഷയമാക്കി. നിരവധി പുസ്തകങ്ങളും റിയാനെക്കുറിച്ച് ഉണ്ടായിട്ടുണ്ട്.

റിയാൻ എന്ന കുട്ടി തന്റെ മഹത്തായ നേട്ടങ്ങളെക്കുറിച്ച് പറയുന്നതിങ്ങനെ ഞാൻ നിങ്ങളെപ്പോലെതന്നെയുള്ള വെറും ഒരു സാധാരണ കുട്ടി മാത്രം .

ബാസ്ക്കറ്റ്ബോളും വീഡിയോ ഗേമും ഇഷ്ടപ്പെടുന്ന ഒരു സാധാരണ ബാലൻ തന്നെയാണ് റിയാൻ. 7-ാം വയസ്സിൽ തനിക്കുപറ്റുന്ന രീതിയിൽ മഹത്തായ ഒരു കാര്യത്തിനായി ശിശുസഹജമായ നിഷ്കളങ്കതയോടെ ഒരു എളിയ തുടക്കം കുറിച്ചു. ആയിരങ്ങൾക്ക് പ്രാണജലം നൽകുന്ന മഹാപ്രസ്ഥാനമായി അത് മാറി.

ഒരു വ്യക്തി മാത്രം വിചാരിച്ചാൽ ലോകത്ത് എന്തെങ്കിലും മാറ്റം വരുത്താൻ പറ്റുമോ? സർവ്വസാധാരണമാണീ ചോദ്യം. 7 വയസ്കാരന്റെ ചെറിയ നിക്ഷേപത്തിന് 577,640 ജനങ്ങൾക്ക് കുടിവെള്ളം നൽകുന്ന പ്രസ്ഥാനമാവാൻ കഴിഞ്ഞെങ്കിൽ അത് ലോകത്തിന് നൽകുന്ന സന്ദേശം എത്രമഹത്തരമാണ്.

*“ചെറിയ കാൽവെയ്പ്പാണ് വലിയ കാര്യങ്ങളിലേക്ക് നയിക്കുന്നത്.’’*

-ലാവോത്സെ


**7 വയസുകാരൻ വീട്ടുപണിചെയ്തും മറ്റും സമാഹരിച്ച് ഉണ്ടാക്കിയ 70 ഡോളറിൽ നിന്ന് 15 രാജ്യങ്ങളിലായി 432 കുഴൽക്കിണറുകൾ നിർമ്മിച്ച് 577,640 വരുന്ന ജനങ്ങൾക്ക് ശുദ്ധജലം എത്തിച്ച മഹാപ്രസ്ഥാനമായി അത് മാറി.**

## റിയാൻ ഇഫക്ട്

70 ഡോളറിൻ സമ്പാദ്യവുമായി ഉഗാണ്ടയിലെ കുട്ടികൾക്ക് കുഴൽകിണർ നിർമ്മിക്കാനൊരുങ്ങുമ്പോൾ റിയാൻ എന്ന 7 വയസുകാരന് അത് എന്തായിത്തീരുമെന്നോ അത് ഫലം കാണുമെന്നോ യാതൊരു ചിന്തയുമില്ലായിരുന്നു. പക്ഷേ ഒരുപാട്പേരെ സ്വാധീനിച്ചതും, വലിയമാറ്റങ്ങൾ ഉണ്ടാക്കുന്നതുമായ ഒരു കാര്യത്തിന് തുടക്കം കുറിക്കുവാൻ റിയാന് കഴിഞ്ഞു. ഒന്നാം ക്ലാസിലെ അധ്യാപികയാണ് റിയാനിൽ സ്വാധീനം ചെലുത്തിയത്. വളരെപെട്ടെന്ന് മറ്റുള്ളവരിലേക്കും പടർന്ന് പന്തലിക്കുന്ന തരത്തിൽ അത് വളർന്നു കയറി. വെള്ളത്തിൽ പതിക്കുന്ന കല്ല് ഉണ്ടാക്കുന്ന ഓളങ്ങൾ പോലെ ഒന്നിൽ നിന്ന് മറ്റൊരു ഓളംരൂപമെടുത്ത് വികസിച്ച് അത് മൊത്തം ജലാശയത്തിൽ തന്നെ ചലനം സൃഷ്ടിക്കുന്ന തരത്തിൽ ആയിത്തീരും. ഇതിനെ തിരമാലഫലം ‘Ripple effect’ എന്ന് പറയാം.

ഓർക്കുക നമ്മുടെ ചെറിയ ഒരു പരിശ്രമം അത് ആത്മാർത്ഥവും, ഉദ്ദേശശുദ്ധിയുള്ളതും, നിഷ്കളങ്കവും ആണെങ്കിൽ അത് മറ്റൊരാളിൽ, നമുക്കുചുറ്റും വലിയ മാറ്റങ്ങൾ ഉണ്ടാക്കാം. വലിയപ്രസ്ഥാനങ്ങൾക്കും, വലിയ സംരംഭങ്ങൾക്കും മാത്രമേ വലിയ കാര്യങ്ങൾ ചെയ്യാൻകഴിയൂവെന്ന സാമാന്യചിന്തകൾക്ക് അപ്പുറം നമുക്കോരോരുത്തർക്കം വലിപ്പചെറുപ്പവ്യത്യാസമില്ലാതെ, പ്രായവ്യത്യാസമില്ലാതെ വലിയമാറ്റങ്ങൾക്ക് ചാലകശക്തിയാവാം എന്ന് തന്നെയാണ് റയാൻ എന്ന 17 വയസുകാരൻ പഠിപ്പിക്കുന്നത്.

**ഓർക്കുക നമ്മുടെ ചെറിയ ഒരു പരിശ്രമം അത് ആത്മാർത്ഥവും, ഉദ്ദേശശുദ്ധിയുള്ളതും, നിഷ്കളങ്കവും ആണെങ്കിൽ അത് മറ്റൊരാളിൽ, നമുക്കുചുറ്റും വലിയ മാറ്റങ്ങൾ ഉണ്ടാക്കാം.**



# റിയാന്റെ കിണർ

1999 ൽ കാനഡയിലെ ഏഴുവയസ്സുകാരൻ റിയാൻ പ്രദർശിപ്പിച്ച തിളക്കമാർന്ന അസാമാന്യസേവനമുഖം ഒരു കിണറിൽ ഒതുങ്ങിയില്ല. ഇന്ന് റിയാൻസ് വെൽ നിരവധി ദരിദ്രരാജ്യങ്ങളിൽ കിണർ നിർമ്മിക്കാൻ പരിശ്രമിക്കുന്ന കുട്ടികളുടെ വലിയ സംഘമായി തീർന്നിരിക്കുന്നു.

കാനഡയിലെ പ്രാന്തപ്രദേശത്തുള്ള ഒരു പ്രൈമറി സ്കൂൾ. പരിസരപഠന ക്ലാസ്. അധ്യാപിക ഏഴുവയസ്സുകാരായ കുട്ടികളുമായി പല ആശയങ്ങളും പങ്കുവെയ്ക്കുകയാണ്. കുട്ടികൾ വെള്ളം പാഴാക്കി കളയുന്നതിനെ കുറിച്ച് ടീച്ചർ രോഷംകൊണ്ടു. കുടിക്കാൻ ശുദ്ധജലമില്ലാത്തതുകൊണ്ട് ആഫ്രിക്കൻ രാജ്യമായ ഉഗാണ്ടയിൽ സ്കൂൾ കുട്ടികൾ കഷ്ടപ്പെടുന്നതിനെ കുറിച്ച് പത്രത്തിൽ വായിച്ചത് ടീച്ചർ വിവരിച്ചു. ടീച്ചറുടെ ഹൃദ്യമായ ഭാഷയിലുള്ള വിവരണം കുട്ടികളുടെ മനസ്സിൽ ഏറ്റുവാങ്ങിയത് കൊച്ചു റിയാനായിരുന്നു. വിടർന്ന കണ്ണുകളുമായി ടീച്ചർക്കു മുമ്പിലിരുന്ന അവന്റെ മനസ്സിൽ ദാഹിച്ചുവലഞ്ഞ് കരയുന്ന ഉഗാണ്ടയിലെ തന്റെ സമപ്രായക്കാരായിരുന്നു.

ക്ലാസ്സ് കഴിഞ്ഞ് ടീച്ചർ പുറത്തിറങ്ങുമ്പോൾ അവൻ ടീച്ചറുടെ കൂടെ കൂടി. എന്തുകൊണ്ടാണ് അവിടെ കുട്ടികൾക്ക് വെള്ളം കിട്ടാത്തതെന്ന് അവൻ ചോദിച്ചു. ഭൂഗർഭജലം വളരെ ആഴത്തിലാണെന്നും വെള്ളം കിട്ടണമെങ്കിൽ കുഴൽകിണർ കുഴിക്കണമെന്നും അതിന് ഏറെ പണച്ചെലവ് ഉള്ളതുകൊണ്ട് ഉഗാണ്ടയിലെ ദരിദ്രജനതയ്ക്ക് അത് സാധിക്കില്ലെന്നും ടീച്ചർ പറഞ്ഞത് റിയാന് പുതിയ അറിവായിരുന്നു. ഉടൻ അവൻ ചോദിച്ചു. ഒരു കുഴൽ കിണർ കുഴിക്കാൻ എത്ര പണം വേണം? ടീച്ചർ ഊഹംവെച്ച് പറഞ്ഞ തുകയുടെ വലിപ്പത്തെകുറിച്ച് ആ ഏഴുവയസ്സുകാരന് ധാരണയുണ്ടായിരുന്നില്ല.

ചിന്താകുലമായ മനസ്സോടെ റിയാൻ വീട്ടിലെത്തി. വൈകുന്നേരം കളിക്കാൻ പോകാൻ അവന് മനസ്സുവന്നില്ല. റിയാൻ ഒരുറച്ച തീരുമാനമെടുത്തു. ചില്ലറ നാണയങ്ങൾ സൂക്ഷിക്കുന്ന ടിൻ അവൻ അലമാരയിൽ നിന്നും പുറത്തെടുത്തു. അതിൽ പേരിന് കിലുങ്ങാൻ മാത്രമുള്ള നാണയങ്ങളേയുള്ളൂ.

അച്ഛൻ ഓഫീസിൽ നിന്ന് വന്നപാടെ റിയാൻ വളച്ചുകെട്ടലുകളില്ലാതെ പറഞ്ഞു. എനിക്കു കുറച്ചു പണം വേണം! റിയാൻ ആവശ്യപ്പെട്ട തുകയുടെ വലിപ്പം കേട്ട് അച്ഛൻ ഒന്നമ്പരന്നു. പിന്നെ റിയാന്റെ പ്രകൃതമറിയുന്ന അച്ഛൻ ഗൗരവത്തോടെ തന്നെ ആവശ്യമെന്തെന്നന്വേഷിച്ചു. തനിക്ക് ഉഗാണ്ടയിലെ കുട്ടികൾക്ക് കിണർ നിർമ്മിച്ചുകൊടുക്കാനാണെന്ന് മറുപടി കേട്ടപ്പോൾ അവന്റെ ആത്മാർത്ഥത അച്ഛന് ബോധ്യമായി. അവനെ നിരാശനാക്കേണ്ടെന്നു കരുതി അച്ഛൻ പറഞ്ഞു. കുറച്ചു പണം ഞാനും തരാം. പക്ഷെ വെറുതെ തരില്ല. നീ എന്തെങ്കിലും ജോലി ചെയ്ത് തന്നാൽ അതിന് പ്രതിഫലമായി മാത്രം!

അച്ഛൻ തമാശരൂപത്തിലാണ് അത് പറഞ്ഞതെങ്കിലും റിയാൻ അത് ആത്മാർത്ഥമായിത്തന്നെ ഉൾക്കൊണ്ട് കഴിഞ്ഞിരുന്നു. അന്നു മുതൽ അച്ഛന്റെ ഷൂ പോളിഷ് ചെയ്യൽ, കാർ കഴുകൽ, തോട്ടപ്പണി ചെയ്യൽ, അടുക്കളയിൽ സഹായിക്കൽ അങ്ങനെ നിത്യവും റിയാൻ ആത്മാർത്ഥമായി ജോലി ചെയ്തു തുടങ്ങി. അച്ഛൻ മുറപോലെ ചെറിയ തുകകൾ പ്രതിഫലം നൽകാനും മറന്നില്ല. അവൻ കിട്ടുന്ന പണമെല്ലാം ടിന്നിൽ സൂക്ഷിച്ചു. ഒരു കിണർ നിർമ്മിക്കാൻ ധാരാളം പണം വേണമെന്ന് മാത്രം അവനറിയാം. കൂടുതൽ പണം കിട്ടാൻ ഒഴിവു സമയങ്ങളിൽ അയൽവീടുകളിലെ ചില്ലറപണികളും റിയാൻ ചെയ്തു തുടങ്ങി. ഒരിക്കൽ ഒരവധി ദിവസം വീട്ടിൽ നിന്ന് കുടുംബസമേതം സിനിമയ്ക്ക് പോകാൻ പരിപാടിയിട്ടപ്പോൾ റിയാൻ അതിൽ നിന്ന് ഒഴിഞ്ഞുമാറി. തനിക്ക് സിനിമാ ടിക്കറ്റിന്റെ പണം തന്നാൽ മതിയെന്നും ഈ സമയം കൊണ്ട് തനിക്ക് പല ജോലികളും ചെയ്യാമെന്നും തന്റെ ലക്ഷ്യം പൂർത്തികരിക്കണമെന്നും ഉറച്ച സ്വരത്തിൽ റിയാൻ പറഞ്ഞു.

റിയാന് സ്വരൂപിച്ച പണം ആവശ്യത്തിനായിട്ടുണ്ടെന്ന് തോന്നിയപ്പോൾ അതുമായി ടീച്ചറെ സമീപിച്ചു. ടീച്ചർ അന്തംവിട്ടുപോയി! താൻ ആഴ്ചകൾക്കു മുമ്പേ സാന്ദർഭികമായി ക്ലാസ്സിൽ പറഞ്ഞ കാര്യവും റിയാൻ അതേപറ്റി ചോദിച്ചതുമൊക്കെ ടീച്ചർ മറന്നുപോയിരുന്നു. പക്ഷെ റിയാൻ ഈ രീതിയിലൊക്കെ പ്രവർത്തിച്ച നിഷ്കളങ്ക



കഥ കേട്ടപ്പോൾ ടീച്ചർക്ക് അതിശയമായി. ടീച്ചർ അവനെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കികൊടുക്കാൻ ശ്രമിച്ചു. ഒരു കുഴൽ കിണർ നിർമ്മിക്കാൻ വലിയ തുക വേണമെന്നും റിയാൻ സ്വരൂപിച്ച തുകവളരെ ചെറുതാണെന്നും അവനെ നിരാശപ്പെടുത്താത്ത വിധം ടീച്ചർ പറഞ്ഞുകൊടുത്തു. എന്നാൽ പിൻമാറാൻ റിയാൻ തയ്യാറായിരുന്നില്ല.

ടീച്ചർ ക്ലാസ്സിൽ കുട്ടികളോട് റിയാൻ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയെക്കുറിച്ച് പറഞ്ഞു. എല്ലാവരും റിയാന്റെ സംരംഭത്തിൽ പങ്കാളിയായാൽ മഹത്തായ ഒരു സ്വപ്നം പൂർത്തീകരിക്കാൻ കഴിയുമെന്ന് ടീച്ചർ വിവരിച്ചു. റിയാനോടൊപ്പം സഹപാഠികളും കൂടി. സമാഹരിച്ച പണവുമായി റിയാൻ ടീച്ചർക്കരികിലെത്തി. ഉഗാണ്ടയിലേക്ക് പണമയച്ചുകൊടുത്ത് ഒരു സ്കൂളിൽ കുട്ടികൾക്ക് വേണ്ടി കിണർ നിർമ്മിച്ചുകൊടുക്കണമെന്നതായിരുന്നു റിയാന്റെ ആവശ്യം. ദരിദ്രരാജ്യങ്ങളിൽ ക്ഷേമപ്രവർത്തനം നടത്തുന്ന ഒരു സംഘടനയുടെ ഓഫീസുമായി ബന്ധപ്പെട്ടു. അവരിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് കുഴൽകിണർ നിർമ്മിക്കാൻ ആവശ്യമായ തുക റിയാൻ സമാഹരിച്ചതിലും കൂടുതലായിരുന്നു. ടീച്ചർക്ക് നിരാശയുണ്ടായെങ്കിലും ബാക്കി തുക ഉണ്ടാക്കാം എന്ന ആത്മവിശ്വാസംറിയാനുണ്ടായിരുന്നു.





റിയാന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രവർത്തനത്തെക്കുറിച്ച് ടീച്ചർ മാധ്യമപ്രവർത്തകരെ അറിയിച്ചു. റിയാനെ ഇന്റർവ്യൂ ചെയ്ത് പത്രമാധ്യമങ്ങളിൽ സചിത്രഫീച്ചറുകൾ വന്നതോടെ ഒട്ടേറെയാളുകൾ അന്വേഷണങ്ങളും സംഭാവനകളുമായെത്തി.

ഉഗാണ്ടയിലെ ഒരു സ്കൂളിൽ കിണർ നിർമ്മാണം ആരംഭിച്ചു. ആ സ്കൂളിലെ കുട്ടികൾ തങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ സന്മനസ്സുകാണിച്ച റിയാന് നന്ദിപറഞ്ഞുകൊണ്ട് കാനഡയിലേക്ക് കത്തുകളയച്ചു. അക്കൂട്ടത്തിൽ ഒരു നീഗ്രോ ബാലനായ ജിമ്മിയുമായി റിയാന് ഉറ്റചങ്ങാത്തവുമുണ്ടായി. അവർ സ്വപ്നങ്ങളും വിഹ്വലതകളും കത്തുകളിലൂടെ പരസ്പരം കൈമാറി.

കിണർ ഉദ്ഘാടനത്തിന് കാനഡയിൽ നിന്ന് റിയാൻ തന്നെ വരണമെന്ന് ഉഗാണ്ടയിലെ കൂട്ടുകാർക്ക് നിർബന്ധമുണ്ടായിരുന്നു. ഒടുവിൽ കുട്ടികളുടെ ആവശ്യപ്രകാരം റിയാനെ തേടി ഉഗാണ്ടൻ സർക്കാരിന്റെ ക്ഷണമെത്തി.

റിയാനെ സ്വീകരിക്കാൻ ജനസമുച്ചയം ആർപ്പുവിളികളുമായി ഒരുങ്ങി നിന്നു. തന്റെ പേരുവിളിക്കുന്ന വിദൂരദേശത്തെ അപരിചിതരായ ആളുകളെ കണ്ട് റിയാന്റെ മനസ്സ് നിറഞ്ഞു. റിയാൻസ് വെൽ എന്ന വലിയൊരു ബോർഡ് കിണറിന് സമീപം സ്ഥാപിച്ചിട്ടുണ്ടായിരുന്നു.

കാനഡയിലെ ഏഴുവയസ്സുകാരൻ റിയാൻ പ്രദർശിപ്പിച്ച ഈ തിളക്കമാർന്ന അസാമാന്യസേവനമുഖം ഒരു കിണറിൽ ഒതുങ്ങിയില്ല. ഇന്ന് റിയാൻസ് വെൽ നിരവധി ദരിദ്രരാജ്യങ്ങളിൽ കിണർ നിർമ്മിക്കാൻ പരിശ്രമിക്കുന്ന കുട്ടികളുടെ വലിയ സംഘമായി തീർന്നിരിക്കുന്നു. ഇതോടൊപ്പം റിയാന്റെ ഉഗാണ്ടയിലെ നീഗ്രോ സുഹൃത്ത് ജിമ്മി ആഭ്യന്തര കലാപത്തിന്റെ ഇരയായി അനാഥനായതും അവന് കാനഡയിൽ തന്റെ കുടുംബത്തിൽ അഭയം നൽകിയതും റിയാന്റെ ബാല്യജീവിതം പ്രകടിപ്പിച്ച മറ്റൊരു ആവേശകരമായ സംഭവവും ഈയടുത്തുണ്ടായി.

('ജിമ്മിയും റിയാനും' : അടുത്തലക്കത്തിൽ)

റിയാനുമായി ബന്ധപ്പെടാനും അന്വേഷണങ്ങൾക്കും
Ryan's well foundation inc.
P.O.Box 1120
215 Van Buren street
Kemptville, Ontario, Canada
KOG.IJO
Web:www.ryan'swell.ca
Email: info@ryan'swell.ca

# അമേരിക്കയിൽ ഒരു സൗരോർജ്ജ കുടുംബം

## എസ്. എസ്. കൈമാൾ

വളരെ അവിചാരിതമായിട്ടാണ് ശ്രീമതി ഫില്ലിസ് ഡേവിസിനെ (Phillis Davies) പരിചയപ്പെടുന്നത്. മൂന്നു കൊല്ലം മുമ്പാണെന്നു തോന്നുന്നു. ഒരു ഇ-മെയിൽ വന്നു. എന്റെ മകന്റെ ഒരു അമേരിക്കൻ സുഹൃത്തിൽ നിന്നും എന്റെ മേൽവിലാസം കണ്ടുപിടിച്ച് അയച്ചതാണ് അടുത്ത മാസം തിരുവനന്തപുരത്തിനടുത്തുള്ള മിത്രനികേതനിൽ ഒരു സെമിനാറിനു വരുന്നു. കേരളത്തിൽ വരുമ്പോൾ ഞങ്ങളുടെ ആരാധനാപാത്രമായ അരുന്ധതിറോയിയെ നേരിട്ട് കണ്ടാൽ കൊള്ളാമെന്നുണ്ട്. അതിനു സഹായിക്കണം. ഞങ്ങളുടെ കഴിവിൽപ്പെട്ട സഹായം സന്തോഷപൂർവ്വം ചെയ്യാമെന്നു മറുപടി അയച്ചു. പല ഇ-മെയിലുകൾ കൈമാറി. സെമിനാർ തീരുന്ന ദിവസം ഞങ്ങളുടെ വീട്ടിൽ വരാമെന്നും അതിനു മുമ്പു ഫോൺ ചെയ്യാമെന്നും അറിയിച്ചു.

പറഞ്ഞ ദിവസം തന്നെ ഫോൺകോൾ വന്നു. പിറ്റേ ദിവസം ഉച്ചതിരിഞ്ഞ് ഞങ്ങളുടെ വീട്ടിൽ വരാമെന്നും കൂടെ അദ്ദേഹത്തിന്റെ അധ്യാപകൻ പ്രൊഫസറ് ജാക്ക് വില്യം അലക്സാണ്ടറും കാണുമെന്നും അറിയിച്ചു. (തീരെ ചുരുങ്ങിയ പ്രതിശീർഷ വരുമാനമായിട്ടും, ജീവിതനിലവാര സൂചികകളിൽ കേരളം എങ്ങനെ അത്ഭുതാവഹമായ പുരോഗതി നേടിയെന്നതിനെപ്പറ്റി ചർച്ച ചെയ്യാനാണ് അദ്ദേഹം വരുന്നത്.)

പറഞ്ഞത് പോലെ കൃത്യസമയത്തു തന്നെ രണ്ടുപേരും വന്നു. ആദ്യമായി ഫില്ലിസ് ചെയ്തത് ഞങ്ങൾക്കു രണ്ടു പുസ്തകങ്ങൾ സമ്മാനിക്കുകയായിരുന്നു. ആദ്യത്തെ പുസ്തകത്തിന്റെ പേർ ദു:ഖം (Grief) സ്വന്തം കൃതിയാണ്. ഏക മകൻ പതിമൂന്നാമത്തെ വയസ്സിൽ ഒരു വിമാന ദുരന്തത്തിൽ മരിച്ചതിന്റെ ദു:ഖം മനസ്സിലുയർത്തിയ ചിന്തകൾ കുറിച്ചിട്ടവ, പല സുഹൃത്തുക്കളുടെയും പ്രേരണയിൽ പുസ്തകമായി പ്രസിദ്ധപ്പെടുത്തിയതാണ്. രണ്ടാമത്തെ പുസ്തകം എനിക്കു ഒരത്ഭുതമായിരുന്നു. കാർട്ടൂൺ ശൈലിയിലുള്ള പുസ്തകം "Addicted to War-Way America Cannot kick Militarism" എന്നാണ് പുസ്തകത്തിന്റെ പേര്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ മിക്കവാറും സമയവും അമേരിക്ക ഏതെങ്കിലും രാജ്യത്തിനോട് യുദ്ധത്തിലായിരുന്നെന്നും, യുദ്ധമാണ് അമേരിക്കൻ സാമ്പത്തികവ്യവസ്ഥയെ താങ്ങി നിർത്തുന്നതെന്നുമാണ് പുസ്തകത്തിന്റെ പ്രമേയം. ക്രിസ്തുമതത്തിലെ സമാധാനപ്രേമികളായ ക്വേക്കർ "(Quaker)" വിഭാഗത്തിൽപ്പെട്ടവരാണ് ഫില്ലിസും, ഭർത്താവു ബില്ലുമെന്നും സംഭാഷണത്തിൽ നിന്നറിഞ്ഞു. കർഷകരാണെങ്കിലും നല്ല വിദ്യാഭ്യാസമുള്ളവരാണ് രണ്ടുപേരും. കാലിഫോർണിയ സർവ്വകലാശാലയിൽ നിന്നും കാർഷിക എഞ്ചിനീയറിംഗിൽ ബിരുദമെടുത്തിട്ടുണ്ട്. തികഞ്ഞ സമാധാനപ്രേമികളും യുദ്ധവിരുദ്ധരുമാണ്. പല ബഹുജന പ്രസ്ഥാനങ്ങളിലും പങ്കെടുക്കുന്നു. ധാരാളം രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. (അടുത്ത കാലത്തു ഫില്ലിസ് ഒരു സമാധാന ദൗത്യസംഘത്തിൽ അംഗമായി ഇറാൻ സന്ദർശിച്ചു.)

അരുന്ധതി റോയ് അക്കാലത്തു ദൽഹിയിലായിരുന്നതിൽ പിറ്റേ ദിവസം കോട്ടയത്തുപോയി മേരി റോയിയെ സന്ദർശിച്ചു. തിരിച്ചു തിരുവനന്തപുരത്തെത്തി. പിറ്റേ ദിവസം അമേരിക്കയിലേക്കു പറക്കുകയും ചെയ്തു.

അതിൽ പിന്നെ ഇ-മെയിൽ വഴി അവരുമായി സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നു. ഞാൻ സൗരോർജ്ജത്തെപറ്റി പാർലമെന്ററി സമിതിക്കു മെമ്മോറാണ്ടം സമർപ്പിച്ചപ്പോൾ (ഒരേ ഭൂമി ഒരേ ജീവൻ 2007 മാർച്ച്) അതിന്റെ ഒരു പ്രതി ഫില്ലിസിനും അയച്ചുകൊടുത്തു. അതിനു കിട്ടിയ പ്രതികരണത്തിലാണ് അവർ ഒരു സൗരോർജ്ജ കുടുംബമായിമാറിയ കഥ പറഞ്ഞത്. അതു അവരുടെ വാക്കുകളിൽ തന്നെ പറയാം-

ഞാനും ബില്ലും വളരെക്കാലമായി സൗരോർജ്ജത്തിൽ താൽപര്യമുള്ളവരാണ് 1989 ൽ ഞങ്ങൾ വീടുപണിഞ്ഞത് തണുപ്പുകാലത്തു സൗരോർജ്ജത്തിൽ നിന്നു ചൂടും, ചൂടുകാലത്ത് തണലിൽ നിന്നും കുളിർമ്മയും കിട്ടത്തക്കവണ്ണമാണ്. (Passive solar Architecture) യതൊരു വിധമായ കൃത്രിമ ചൂടാക്കലോ കുളിർപ്പിക്കലോ ആവശ്യമില്ല. ഒരു മുറി സാമാന്യം വലുതാണ്. അതു യോഗങ്ങൾ കൂടാനും പഠനകളരികൾ നടത്താനും ഞങ്ങൾ ഉപയോഗിക്കുന്നു.

മൂന്നു വർഷങ്ങൾക്കു മുമ്പ്, ഞങ്ങൾക്കു തോന്നി, ഞങ്ങളുടെ എളിയ സമ്പാദ്യംകൊണ്ട് ഞങ്ങളുടെ ചെറിയ കൃഷിയിടത്തെ പൂർണ്ണമായും സൗരോർജ്ജാധിഷ്ഠിതമാക്കിയാൽ അതു നല്ലൊരു മുതൽമുടക്കായിരിക്കുമെന്ന് (അമേരിക്കയിൽ ചെറുത് എന്നു പറഞ്ഞാൽ അനേകം ഏക്കർ വരും-ലേ) കഴിഞ്ഞ കുറേ വർഷങ്ങളിലെ വൈദ്യുതി ബില്ലു നോക്കി, എത്ര സൗരോർജ്ജം പാനലുകൾ വേണമെന്നു കണക്കുകൂട്ടി. കൃഷിയിടത്തിലെ ഓരോ കെട്ടിടത്തിന്റെയും മേൽക്കൂരയിൽ അതാതു കെട്ടിടത്തിനാവശ്യമുള്ള വൈദ്യുതി ഉത്പ്പാദിപ്പിക്കാൻ വേണ്ട പാനലുകൾ സ്ഥാപിച്ചു. (കിണറുകൾ നിന്നു വെള്ളം പമ്പുചെയ്യാൻ കാറ്റാടി യന്ത്രങ്ങളുണ്ട്) അതിൽ പിന്നെ

## ഗാന്ധിജി ഇന്ന് നമുക്കിടയിൽ ഉണ്ടായിരുന്നെങ്കിൽ !

ഇങ്ങനെയൊരു ചിന്ത പലരിലും പലതരത്തിലും വന്നുപോയിട്ടുണ്ടാകും. എന്നാൽ പൂർണ്ണോദയ ഗാന്ധിദർശൻ മാസിക ഈ ചിന്തയെ ക്രിയാത്മകമാക്കുകയാണ് ഡോ: സി.കെ തോമസിന്റെ 'ബാപ്പുജിയോട് ചോദിക്കാം' എന്ന പംക്തിയിലൂടെ. ഗാന്ധിജി ഇന്നും നമുക്കിടയിൽ ഉണ്ടായിരുന്നെങ്കിൽ നമുക്ക് എന്തെല്ലാം ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കാനുണ്ടാകും? അത്തരം ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമാണ് ഈ പംക്തിയിൽ.ഉത്തരങ്ങൾ തയ്യാറാക്കാൻ ഗാന്ധിജിയുടെ പുസ്കങ്ങളും ചിന്തകളുമാണ് അവലംബമാക്കുന്നത്.

ഗാന്ധിചിന്തകളെ കാലികമായി വായിക്കുകയാണ് ഡോ: സി.കെ തോമസ് ഈ പംക്തിയിലൂടെ എന്നു വേണമെങ്കിൽ പറയാം. 2008 ആഗസ്റ്റ് ലക്കത്തിലെ ഒരു ചോദ്യവും ഉത്തരവും ഇതോടൊപ്പം.

*പത്രങ്ങളിലും*
*വാർത്താമാധ്യമങ്ങളിലുമെല്ലാം*
*ഹിംസയുടെ*
*വിജയമാണ് നിരന്തരം*
*ഉദ്ഘോഷിക്കപ്പെടുന്നത്.*
*ശ്രദ്ധയാകർഷിക്കുവാനും കൂടുതൽ*
*പ്രചാരണത്തിനും*
*ഇതല്ലാതെ വേറെവഴിയില്ലെന്നാണ്*
*അവരുടെ പക്ഷം !*
*അങ്ങെന്തു പറയുന്നു?*

ബാപ്പുജി: ദക്ഷിണാഫ്രിക്കയിൽ വെച്ച് 'ഇന്ത്യൻ ഒപ്പീനിയൻ' പ്രസിദ്ധീകരണമാരംഭിച്ച ഘട്ടത്തിൽ തന്നെ ഒരു കാര്യം ഞാൻ മനസ്സിലാക്കി: "മാധ്യമ പ്രവർത്തനത്തിന്റെ ഏകലക്ഷ്യം സാമൂഹ്യസേവനമായിരിക്കണം. മാധ്യമങ്ങളുടെ സ്വാധീനശക്തി വളരെ വലുതാണ്.ഒരണകെട്ടിൽ സൂക്ഷിച്ചിരിക്കുന്ന ജലാശയം പോലെ അത് അനിയിന്ത്രിതമായി തുറന്നുവിട്ടാൽ സർവ്വത്ര നാശമായിരിക്കും ഫലം. അതുപോലെ അനിയന്ത്രിതമായ തൂലികയും മാധ്യമങ്ങളും സമൂഹത്തിന് സേവനമായല്ല വിനാശമായാണ് തീരുക." നിയന്ത്രണം സ്വന്തം മന:സാക്ഷിയിൽ നിന്നല്ലാതെ ബാഹ്യമായാൽ അതു കൂടുതൽ വിഷമകരവും വിനാശകരവുമാകും. ഇന്ന് ലോകത്ത് സേവനം ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള എത്രമാധ്യമങ്ങൾ കാണും? ഉപയോഗ ശൂന്യവും വിനാശകരവുമായ ഇത്തരം മാധ്യമ പ്രവർത്തനത്തെ ആർക്കാണ് തടയാൻ കഴിയുക? ഈ കാര്യങ്ങളെക്കുറിച്ചെല്ലാം വിധി പറയേണ്ടത് ആരാണ്?. എനിക്കൊന്നേ പറയാനുള്ളു. നന്മയും തിന്മയും പോലെ രണ്ടുതരം മാധ്യമപ്രവർത്തനങ്ങൾ നിലനിൽക്കുന്നുണ്ട്. മനുഷ്യരായ നാം വേണ്ടത് തെരഞ്ഞെടുക്കുകയും വേണ്ടാത്തത് ഉപേക്ഷിക്കുകയുമാണ് ചെയ്യേണ്ടത്.

*ലിമാ ന്യൂസ് ഡെസ്ക്ക്*

---

ഞങ്ങൾക്കു ഓരോ കെട്ടിടത്തിനും ഏറ്റവും കുറഞ്ഞ വൈദ്യുതി ബില്ലേ വരുന്നുള്ളു- മീറ്റർ വാടകയായ നാലു ഡോളർ മാത്രം. കഴിഞ്ഞ മൂന്നു കൊല്ലം കൊണ്ട് ഞങ്ങൾ ചെലവാക്കിയ തുകയുടെ പകുതിയോളം ലാഭിക്കാൻ സാധിച്ചു.

ഞങ്ങളുടെ കാറുപോലും സൗരോർജ്ജീ കരിച്ചു. ബാറ്ററി കൊണ്ട് ഓടുന്ന കാറാണ്. മണിക്കൂറിൽ എഴുപതു മൈൽ വരെ വേഗത കിട്ടും. ബാറ്ററികൾ സൗരോർജ്ജവൈദ്യുതി കൊണ്ട് ചാർജ്ജ് ചെയ്യും.

ഒരു കാര്യം കൂടി ഞങ്ങൾ ചെയ്തു. ഞങ്ങൾ സാധാരണ പച്ചക്കറികളും മറ്റു വ്യഞ്ജനങ്ങളും വാങ്ങിക്കുന്ന കടയിലെ സാധനങ്ങൾ 1500 മൈൽ ദൂരെ നിന്നാണ് വരുന്നതെന്നറിഞ്ഞപ്പോൾ മുതൽ ഞങ്ങൾ പച്ചക്കറികൾ സ്വയം കൃഷി ചെയ്യാൻ തുടങ്ങി. കടയിൽ നിന്നും കഴിയുന്നിടത്തോളം കുറച്ചു സാധനങ്ങൾ മാത്രം വാങ്ങിക്കാനും.

കേരളത്തിൽ പലരും ഇവിടെത്തന്നെ വളരുന്ന ചക്കയും മാങ്ങയും മുരിങ്ങയുമൊക്കെ ഉപയോഗിക്കാതെ ആസ്ത്രേലിയൻ ആപ്പിളും, മഹാരാഷ്ട്രത്തിലെ മുന്തിരിങ്ങയുമൊക്കെയാണ് കഴിക്കുന്നതെന്നോർക്കുക.

ഇ-മെയിൽ കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഒരു കൊച്ചു കുടുംബത്തിന് സ്വപ്രയത്നം കൊണ്ട് പരമ്പരാഗത ഇന്ധനങ്ങളിൽ നിന്നും വിമോചനം നേടാൻ സാധിക്കുമെങ്കിൽ, ഭാരതം പോലെയൊരു രാജ്യത്തിന് സംഘടിതമായി ശ്രമിച്ചാൽ അതു സാധ്യമല്ലേ?

അമ്പതും അറുപതും ലക്ഷം രൂപ ചെലവാക്കി മണി മന്ദിരങ്ങൾ പണിയുന്ന മറുനാടൻ മലയാളികൾക്ക് എട്ടോപത്തോ ലക്ഷം രൂപ കൂടി ചെലവാക്കിയാൽ കേരള വൈദ്യുതി ബോർഡിനെ ആശ്രയിക്കാതെ ജീവിക്കാൻ കഴിയും.

ഫില്ലിസിന്റെ ഇ-മെയിലിന്റെ ഒരു പ്രതി ഞാൻ നേരത്തെ അയച്ച മെമ്മോറാണ്ടത്തിന് ഒരു അനുബന്ധമായി പാർലമെന്റ് സമിതിക്കു അയച്ചുകൊടുത്തു. മറുപടിയൊന്നും കിട്ടിയില്ല. നേരത്തെ അയച്ച മെമ്മോറാണ്ടത്തിനും മറുപടിയില്ല. ഇതിനെ പറ്റി സ്പീക്കർ സോമനാഥ് ചാറ്റർജിക്കു അയച്ച കത്തിനും മറുപടി കിട്ടിയില്ല. ഭാരതത്തിന് അറുപത് വർഷം മുമ്പ് രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടിയെങ്കിലും ബ്രിട്ടീഷുകാർ വളർത്തിയെടുത്ത ചുവപ്പുനാട എന്ന രാക്ഷസന്റെ പിടിയിൽ നിന്നും രാഷ്ട്രത്തിനു ഇതു വരെ മോചനം കിട്ടിയിട്ടില്ലെന്നു തോന്നുന്നു.

*ഒക്ടേബർ 2007*

*ഒരേ ഭൂമി ഒരേ ജീവൻ*

---

## ഇരു ചക്രത്തിലെ സ്വാതന്ത്ര്യം

പുതുപുത്തൻ ആധുനിക മോട്ടോർ വാഹനങ്ങളുടെ ഈ യുഗത്തിൽ പാരീസ് നഗരം സൈക്കിൾ കൊണ്ട് വിപ്ലവം സൃഷ്ടിക്കുകയാണ്. ഒരു സ്വകാര്യ കമ്പനിയുടെ സഹകരണത്തോടെ, പാരീസ് നഗര ഭരണകൂടം സൗജന്യനിരക്കിൽ വെലിബ് (velib) എന്ന പേരിൽ സൈക്കിളുകൾ ജനങ്ങൾക്ക് എത്തിച്ചുകൊടുത്തുകൊണ്ട് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി ഒരു വർഷം പൂർത്തിയാക്കിയിരിക്കുന്നു. സൈക്കിൾ എന്ന് അർത്ഥം വരുന്ന വെലോ എന്ന വാക്കിൽ നിന്നും ലിബറേറ്റ് എന്ന വാക്കിൽ നിന്നുമാണ് വെലിബ് എന്ന പദമുണ്ടായിരിക്കുന്നത്. ആദ്യത്തെ ഒരു വർഷം കൊണ്ട് തന്നെ 27.5 മില്ല്യൻ സൈക്കിൾ ട്രിപ്പുകൾ നടന്നുകഴിഞ്ഞു. ഈ മാതൃക പിൻപറ്റി തിരക്കേറിയ നഗരങ്ങളിൽ ഗതാഗതക്കുരുക്കും, പുക മാലിന്യവും ഇല്ലാത്ത സൈക്കിൾ ഗതാഗതം ലോകമെമ്പാടും വിജയകരമായി അവരവർക്കിണങ്ങുന്ന രീതികളിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്.


സൈക്കിളുകൾക്കായി പ്രത്യേക പാതകളും സൈക്കിൾ പാർലറുകളും പാരീസ് നഗരത്തിൽ സർവ്വ സാധാരണമായിരിക്കുന്നു. ആദ്യത്തെ അരമണിക്കൂറിന് പണം വേണ്ടാ പിന്നീടുള്ള സമയത്തിന് നാമമാത്രമായ പണം നൽകിയാൽമതി. ചെറിയ ദൂരത്തേയ്ക്ക് സൈക്കിൾ എന്നത് ട്രാഫിക് ദുർഘടങ്ങൾ കൊണ്ട് വിഷമിക്കുന്ന നഗരങ്ങൾക്ക് നല്ല ഒരു മാതൃകയാണ്.

സൈക്കിൾ സവാരിയെ ആരോഗ്യകരവും സസ്റ്റയിനബ്ളും ആയ ഒരു ഗതാഗത സംവിധാനമായി കാണുന്ന ഒരു ദേശീയ നഗര ഗതാഗതനയം നമുക്ക് കടലാസിലുണ്ട്! നഗരാസൂത്രണത്തിൽ സൈക്കിൾ പാതയ്ക്കു പ്രത്യേകശ്രദ്ധ നൽകണമെന്ന് നിഷ്കർഷിക്കുന്ന നയം പക്ഷേ ആരും തിരിഞ്ഞുനോക്കുന്നില്ല. അപകടകരമല്ലാത്ത യാത്ര സൈക്കിൾ യാത്രകാർക്കും കാൽനടക്കാർക്കും നിരത്തുകളിൽ ഉറപ്പ് വരുത്തേണ്ടതുണ്ടെന്ന് ഈ നയം നിഷ്കർഷിക്കുന്നു.

ഏതായാലും വെലിബ് മാതൃക പാരിസിൽ വൻവിജയമാണ്. പലരും കാർ അത്യാവശ്യത്തിനേ ഉപയോഗിക്കുന്നുള്ളൂ. ഇന്ത്യയിൽ പ്രചാരത്തിലായ റെന്റ് എ കാർ എന്നതിന് പകരം റെന്റ് എ സൈക്കിൾ നടപ്പാക്കാവുന്നതാണ്.

*(ദ ഹിന്ദു - മുഖപ്രസംഗം)*

➔



# കാർ പങ്കിടൽ പദ്ധതിയുമായി പാരിസ് മേയർ

**സൈക്കിൾ വിപ്ലവത്തിന് ശേഷം കാർ പങ്കിടൽ പദ്ധതിയുമായി ശ്രദ്ധ നേടുകയാണ് പാരിസ് നഗരം.**

പാരിസ് : പരിസ്ഥിതി പ്രശ്നവും പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തിയും മൂലം വീർപ്പു മുട്ടുന്ന ഫ്രഞ്ച് തലസ്ഥാന നഗരിയിൽ കാർ ഷെയറിംഗ് പദ്ധതിയുമായി മേയർ ബെർട്രൻഡ് ഡെലനോയ്.

കാർ ആവശ്യമുള്ളവർ ലക്ഷ്യസ്ഥാനം വരെ ഓടിച്ച് വാഹനം വഴിയരികിൽ തന്നെ ഉപേക്ഷിച്ചേക്കുക. ചാർജ് വാഹനത്തിൽ ഘടിപ്പിച്ച പെട്ടിയിൽ നിക്ഷേപിക്കണമെന്നു മാത്രം. ഇതിനുവേണ്ടി പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത ഇലക്ട്രിക് കാറുകൾ സർക്കാർ ചെലവിൽ ഉൽപാദിപ്പിച്ച് നഗരത്തിന്റെ വിവിധ പ്രാന്തങ്ങളിൽ വിന്യസിക്കും.

കഴിഞ്ഞ വർഷം സൈക്കിൾ പങ്കുവെയ്ക്കൽ പദ്ധതി ആവിഷ്കരിച്ച് ലക്ഷ്യം സാക്ഷാത്ക്കരിച്ച മേയറുടെ പുതിയ പദ്ധതി ജനങ്ങൾ ഇപ്പഴേ സ്വാഗതം ചെയ്തു തുടങ്ങി. ഇന്ധനവില കുത്തനെ കയറുമ്പോൾ പലരും സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാതെ ഗൃഹാങ്കണത്തിൽ തന്നെ സൂക്ഷിക്കുന്ന പ്രവണത വർദ്ധിക്കെ മേയറുടെ കാർ പങ്കിടൽ പദ്ധതി വിജയകരമാകുമെന്നാണ് കണക്കു കൂട്ടൽ

2010 ഓടെ 4,000 ഇലക്ട്രിക് കാറുകൾ പുതിയ പദ്ധതി പ്രകാരം പാരീസ് നഗരത്തിലെ പ്രത്യേക പാർക്കിംഗ് ലോട്ടുകളിൽ പ്രത്യക്ഷപ്പെടും.

*ലിമാ ന്യൂസ് ഡെസ്ക്*

# പാരീസിൽ നിന്ന് കൂടുതൽ ഹരിത വാർത്തകൾ

ന്യൂക്ലിയാർ എനർജിയെ അമിതമായി ആശ്രയിക്കുമ്പോൾ തന്നെ കൂടുതൽ ഗ്രീൻ ആവാനാണ് ഫ്രാൻസിൽ പ്രത്യേകിച്ച് പാരീസ് നഗരം ശ്രമിക്കുന്നത്. 78ശതമാനം വൈദ്യുതിയും ഫ്രാൻസിൽ ഉല്പാദിപ്പിക്കുന്നത് ന്യൂക്ലിയാർ പവർ സെന്ററുകളിൽ നിന്നുതന്നെ! അതേ സമയം പാരീസിൽ 80 ശതമാനം ജനങ്ങളും യാത്രയ്ക്ക് പൊതുവാഹനങ്ങളെയാണ് ആശ്രയിക്കുന്നത്. ബയോഗ്യാസ് ഉൽപാദനത്തിന്റെ കാര്യത്തിലും പാരീസ് മാതൃകതന്നെ. കാറിന്റെ ഉപഭോഗം കുറയ്ക്കാൻ പൊതു കാറുകൾ വിപുലമായി ഒരുക്കിയിരിക്കുന്നു. ഒരു വർഷം കൊണ്ട് ഒരു ലക്ഷം ടൺ ജൈവമാലിന്യം സംസ്കരിക്കാൻ കഴിയുന്ന പ്ലാന്റുകൾ ലില്ലിനഗരത്തിൽ തന്നെ സ്ഥാപിതമായി. മാലിന്യങ്ങളിൽ നിന്നും ഉണ്ടാക്കുന്ന ഗ്യാസ്കൊണ്ട് ബസ്സുകൾ ഓടിക്കുന്നു. സ്വകാര്യകാറുകൾക്കുള്ള സ്ഥലം പരിമിതപ്പെടുത്തിയിരിക്കുന്നു. ബസ്സ്, ട്രാം പോലെയുള്ള പൊതുവാഹനങ്ങൾക്കാണ് കൂടുതൽ പ്രധാന്യം പാരീസിലെ നിരത്തുകളിൽ ലഭിക്കുന്നത്. സ്വകാര്യവാഹനഗതാഗതം പരമാവധി കുറച്ച് പൊതുവാഹനസംവിധാനം പരിപോഷിപ്പിക്കുവാനാണ് ഇത്തരം പരിഷ്കാരങ്ങൾ.

**ഇങ്ങനെയും ചിലർ**

# മൂന്നുചക്രം ചന്ദ്രൻ

**അഞ്ചലി.എസ്. എൻ., കൊല്ലങ്കോട്.**

**കൊല്ലങ്കോട്ടെ പഴയങ്ങാടിയിലെ ഗ്രാമീണവഴികളിലൂടെ, 22 വർഷത്തോളമായി മുച്ചക്രസൈക്കിളും ചവിട്ടിയുള്ള ചന്ദ്രന്റെ യാത്ര നാട്ടുകാർക്ക് സുപരിചിതമാണ്.**



ഇത് ചന്ദ്രൻ. വെറും ചന്ദ്രനല്ല, കൊല്ലങ്കോട്ടുകാരുടെ പ്രിയപ്പെട്ട 'മൂന്നുചക്രം ചന്ദ്രൻ' കൊല്ലങ്കോട്ടെ പഴയങ്ങാടിയിലെ ഗ്രാമീണവഴികളിലൂടെ, 22 വർഷത്തോളമായി മുച്ചക്രസൈക്കിളും ചവിട്ടിയുള്ള ചന്ദ്രന്റെ യാത്ര നാട്ടുകാർക്ക് സുപരിചിതമാണ്. എന്നാൽ ഇന്ന്, കാലത്തിന്റെ വേഗതയ്ക്കും, ആവശ്യത്തിനും അനുസരിച്ച്, തന്റെ സൈക്കിളിൽ ഓടിയെത്താൻ കഴിയില്ലെന്ന് മനസ്സിലാക്കിയതോടെ തന്റെ അന്നദാതാവായ മുച്ചക്രസൈക്കിളിനെ കൈവിടാൻ നിർബന്ധിതനായിരിക്കുകയാണ് ചന്ദ്രൻ. പെട്ടി ഓട്ടോയും, മോട്ടോർ സൈക്കിളുമെല്ലാം ചന്ദ്രന്റെ സൈക്കിൾ ചെയ്തിരുന്ന ജോലികൾ കൂടുതൽ വേഗതയിലും, കൃത്യതയിലും, അളവിലും ചെയ്തുതീർക്കാൻ തുടങ്ങിയതോടെ ചന്ദ്രന് പണിയില്ലാതായി. ഭാര്യ സരോജിനി 54 ഉം, മകൾ സജിത (12) മടങ്ങുന്ന ചെറിയ കുടുംബത്തെ പട്ടിണിക്കിടാതെ കഴിക്കണമെങ്കിൽ മറ്റുജോലികൾ ചെയ്തേ തീരൂ എന്നു വന്നപ്പോഴാണ്, മൂന്നുചക്രം ചന്ദ്രൻ, തോട്ട കാവൽക്കാരൻ ചന്ദ്രനായത്.

ചുള്ളിയാർമേട്, മുച്ചംകുണ്ട്, കുണ്ടംതോട്ടിലെ ഒരു വലിയ തെങ്ങിൻതോപ്പിന്റെ കാവൽക്കാരനാണ് ഇന്ന് ചന്ദ്രൻ. പഴയങ്ങാടിയിലെ തറവാട്ടുവീട്ടിൽ നിന്നും, കുടുംബവും ഇങ്ങോട്ട് താമസം മാറി. എറണാകുളത്തെ ഒരു മുതലാളിയുടേതാണ് തോട്ടം.

"വീട്ടുവാടകയും ഫോൺ ചാർജ്ജും, കറന്റ് ചാർജ്ജും എല്ലാം സൗജന്യമാണ്. മാസാവസാനം ജീവിക്കാനുള്ള ഒരു തുക കിട്ടുകയും ചെയ്യും. മുൻപ് സൈക്കിൾ ഓടിച്ചുകൊണ്ടിരുന്നപ്പോൾ, പണിയില്ലാതെ ആഴ്ചകളോളം ഇരുന്നിട്ടുണ്ട്. അത് നോക്കുമ്പോൾ ഇത് ഭേദമാണ്- സരോജിനി പറയുന്നു.

"ഇങ്ങോട്ടു പോരുമ്പോൾ, സൈക്കിൾ എണ്ണയിട്ട് തുടച്ചുവച്ചിട്ടുണ്ട്. ഇടയ്ക്ക് പോയി നോക്കണം. ഒരിക്കലും അത് വിൽക്കുകയില്ല. 22 വർഷത്തോളം ചോറു തന്നത് എന്റെ മുച്ചക്ര സൈക്കിളാണ്"- ചന്ദ്രൻ പറയുന്നു. തോട്ടം കാവൽക്കാരനായി കഴിയുമ്പോഴും, 22 വർഷം തന്റെ സന്തത സഹചാരിയായിരുന്ന സൈക്കിളിനെ ചന്ദ്രൻ മറക്കുന്നില്ല; കല്ലും, സിമന്റും, വിറകുമൊക്കെയായി മുചക്രം സൈക്കിൾ ചവിട്ടുന്ന 'മൂന്നുചക്രം ചന്ദ്രനെ' കൊല്ലങ്കോട്ടുകാരും....

# അണുനാശിനികളും സോപ്പുകളും

ഡോ.പ്രസാദ് അല്ക്സ്

**പൂർണ്ണമായും അണുവിമുക്തമയ സാഹചര്യങ്ങളിലാണ് ആരോഗ്യമുള്ള മനുഷ്യൻ ജീവിക്കേണ്ടതെന്ന ധാരണയാണ് പരസ്യങ്ങൾ നമുക്ക് തരുന്നത്. ഇത് വളരെ അപകടകരവും അബദ്ധജടിലവുമാണ്.**

കഴുകി വൃത്തിയാക്കി വച്ചിരുന്ന പാത്രം രോഗിയാണെന്ന് ഭൂതകണ്ണാടിവെച്ച് നോക്കി പരസ്യത്തിലെ ഡോക്ടർ അല്ലെങ്കിൽ ശാസ്ത്രജ്ഞൻ വീട്ടമ്മയോട് കർശനമായി പറയുന്നു. പുഴുക്കളെപ്പോലെ അണുക്കൾ പാത്രത്തിലിഴയുന്നതും നമ്മെ കാണിക്കുന്നുണ്ട്. പാത്രത്തിന്റെ രോഗനിവാരണത്തിന് അവരുടെ പ്രത്യേക ബ്രാൻഡ് ഡിറ്റർജന്റ് കട്ട തന്നെയുപയോഗിക്കണമെന്ന ചികിത്സയും കൃത്യമായി നിർദ്ദേശിക്കുന്നു. കാരണം അതിൽ 'ട്രൈക്ലോസാൻ' എന്ന അണുനാശിനി അടങ്ങിയിട്ടുണ്ടെന്നും പരസ്യത്തിലെ ഡോക്ടർ അവകാശപ്പെടുന്നു. മറ്റൊരു കമ്പനിയുടെ, കൈകഴുകാനുപയോഗിക്കുന്ന സോപ്പുലായനിയെക്കുറിച്ച് ഇത്തരത്തിൽ അവകാശവാദം ഉന്നയിക്കുന്നു. കൈകളിലെ രോഗാണുക്കളിൽ നിന്ന് മുക്തി നേടാൻ അവരുടെ സോപ്പുലായനി / ഡിറ്റർജന്റ് ലായനി തന്നെ വേണമത്രെ. തറ തുടയ്ക്കാനുപയോഗിക്കുന്ന ലായനികളെക്കുറിച്ചുമുണ്ട് ഇത്തരം അവകാശവാദങ്ങൾ സോപ്പുകളിലും ഇത്തരം ശുചീകരണ ഉല്പന്നങ്ങളിലും എന്തിനേറെ ചുണ്ടുകളുടെ വരൾച്ച ഒ ഴിവാക്കാനും തിളക്കം നല്കാനും ഉപയോഗിക്കുന്ന ക്രീമുകളിൽ വരെ അണുനാശിനികൾ ചേർക്കുന്നത് ഇപ്പോൾ സാധാരണമായിക്കൊണ്ടിരിക്കുന്നു. ഇത് തങ്ങളുടെ ഉല്പന്നത്തിന്റെ മേന്മയായി ശക്തമായി പ്രചരിപ്പിക്കയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു.

സാധാരണനിലയിൽ ശരീരശുചീകരണത്തിന് സോപ്പും വെള്ളവുമാണ് ഉപയോഗിക്കാറുള്ളത്. ചിലപ്പോൾ ചൂടുവെള്ളവും സവിശേഷമായ ആവശ്യങ്ങൾക്കായി സ്പിരിറ്റ്, ക്ലോറിൻ അടങ്ങിയ ബ്ലീച്ചിംഗ് ഏജന്റുകൾ , ഹൈഡ്രജൻ പെറോക്സൈഡ് മുതലായവയും ഉപയോഗിക്കാറുണ്ട് . അഴുക്കും മെഴുക്കും പൊടിയും തൊലിപ്പുറത്ത് നിന്നും മറ്റ് പ്രതലങ്ങളിൽ നിന്നും ഇളക്കി, വെള്ളമൊഴിച്ച് കഴുകികളയാൻ സഹായിക്കുക എന്നതാണ് സോപ്പ് അനുഷ്ഠിക്കുന്ന ധർമ്മം. ഡിറ്റർജന്റുകളും അതുതന്നെ കഴുകിക്കളയുന്ന അഴുക്കിനൊടൊപ്പം അണുക്കളും പോകുന്നു.തന്നെയുമല്ല സോപ്പുലായനിയിൽ അണുക്കൾ അത്രവേഗം പെരുകുകയുമില്ല. സ്പിരിറ്റാണെങ്കിൽ, അത് അണുക്കളുടെ കോശങ്ങളുടെ നിർജലീകരണത്തിനും ഘടനാനഷ്ടത്തിനും ഇടയാക്കും. സ്പിരിറ്റ് ബാഷ്പീകരിച്ച് പോകുകയും ചെയ്യും. എന്നാൽ 'ട്രൈക്ലോസാൻ' തുടങ്ങിയ അണുനാശിനികൾ അങ്ങനെയല്ല. അവയുടെ അവശിഷ്ടങ്ങൾ ത്വക്കിലും ഉപയോഗിക്കുന്ന പ്രതലങ്ങളിലും അവശേഷിക്കും.

### വിപരീത ഫലങ്ങൾ

അണുനാശിനികളുടെ അവശിഷ്ടങ്ങൾ അത്ര നിരുപദ്രവകരമല്ല. ബാക്ടീരിയായുടെ ഒരു കോളനിയിൽ അണുനാശിനി പ്രയോഗിക്കുമ്പോൾ, ഒരു ചെറിയ കൂട്ടം ഇതിനെ അതിജീവിക്കാൻ പലപ്പോഴും സാധ്യതയുണ്ട്. ഇങ്ങനെ അതിജീവിക്കുന്നവ അണുനാശിനികളുടെ അവശിഷ്ടങ്ങളുമായി നിരന്തരപോരാട്ടത്തിലുമായിരിക്കും. അരമണിക്കൂർ കൊണ്ട് പുതുതലമുറ സൃഷ്ടിക്കപ്പെടുന്ന ബാക്ടീരിയകളിൽ ജനിതകമാറ്റങ്ങൾ താരതമ്യേന വേഗത്തിലും എളുപ്പത്തിലും നടക്കും. ഇങ്ങനെ അണുനാശിനിയുടെ അവശിഷ്ടങ്ങൾ ചില ബാക്ടീരിയകളെ കൂടുതൽ പ്രതിരോധശേഷി നേടാൻ സഹായിക്കുന്നു. അനുകതൂലമായ ജനിതകമാറ്റം വഴി പ്രതിരോധശേഷി നേടുന്ന കൂട്ടം പെരുകുന്നു. മറ്റുള്ളവ താരതമ്യേന നശിച്ചുപോകുന്നു. ഈ അണുനാശിനി വീണ്ടും പ്രയോഗിക്കുമ്പോൾ വേണ്ടത്ര ഫലവത്താകണമെന്നില്ല. അങ്ങനെ അണുനാശിനികളുടെ നിരന്തരമായ ഉപയോഗം അവയെ വിജയകരമായി പ്രതിരോധിക്കുന്ന അണുക്കളുടെ ഉദയത്തിന് കാരണമാവുകയും ചെയ്യാം.


സവിശേഷരാസവസ്തുക്കളോട് പ്രതിരോധശേഷി നേടിയ അണുക്കൾ ഉണ്ടായിവരുന്നു എന്നത് മാത്രമല്ല പ്രശ്നം. അവയാർജ്ജിക്കുന്ന സമാന്തരപ്രതിരോധശേഷി കൂടുതൽ അപകടകരമാവുന്നു. അണുനാശിനികളോട് പ്രതിരോധശേഷിയാർജ്ജിക്കാൻ സഹായിക്കുന്ന ജനിതകമാറ്റം ചില ആന്റിബയോട്ടിക് ഔഷധങ്ങളോട് പ്രതിരോധശേഷിയാർജ്ജിക്കാനും ഉതകുന്നു. 'ട്രൈക്ലോസാൻ' എന്ന അണുനാശിനിയുടെ കാര്യത്തിൽ ഇങ്ങനെ സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ രാസവസ്തുവുമായി ദീർഘസമ്പർക്കത്തിൽ വരുന്ന ബാക്ടീരിയകൾ, ഐസോണിയാസൈഡ് എന്ന ആന്റിബയോട്ടിക്കിനെതിരെ പ്രതിരോധശേഷി നേടുന്നതായി മിഷിഗൺ സർവ്വകലാശാലയിലെ പൊതുജനാരോഗ്യവിഭാഗത്തിലെ ഡോ. അലിസൺ എയ്‌ലോ റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത ആന്റിബയോട്ടിക് ക്ഷയരോഗചികിത്സക്കുപയോഗിക്കുന്നമരുന്നാണ് എന്നത് തീർച്ചയായും അപകടസാധ്യതയിലേക്കാണ് വിരൽചൂണ്ടുന്നത്. ജനിതവസ്തുക്കൾ പരസ്പരം കൈമാറാനുള്ള വിവിധയിനം ബാക്ടീരിയകളുടെ കഴിവിന്റെ വെളിച്ചത്തിൽ വിശേഷിച്ചും അണുനാശിനുകളുടെ നിരന്തര ഉപയോഗം മറ്റുപല അപകടങ്ങൾക്കും കാരണമായേക്കാം. ജനിതകമാറ്റങ്ങൾ ബാക്ടീരിയകളുടെ പ്രതിരോധസംവിധാനത്തെ ഉദ്ദീപിപ്പിക്കുകയും അവ പല പ്രോട്ടീൻ തന്മാത്രകളും വർദ്ധിതമായ തോതിൽ പുറപ്പെടുവിക്കുകയും ചെയ്യാം. ഇവ കൂടുതൽ സങ്കീർണ്ണതകൾക്കും അപകടങ്ങൾക്കും കാരണമാകാം. ഇത്തരം ഫലങ്ങൾ ലബോറട്ടറി പരീക്ഷണങ്ങളിൽ സംശയരഹിതമായി വെളിവാക്കപ്പെട്ടു കഴിഞ്ഞ കാര്യമാണ്. മിഷിഗൺ സർവ്വകലാശാലയിൽ നിന്നും ടഫ്റ്റ് സർവ്വകലാശാലയുടെ വൈദ്യശാസ്ത്ര വിഭാഗത്തിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാണ്. എന്നാൽ പരീക്ഷണശാലയ്ക്ക് പുറത്തെ സാഹചര്യങ്ങളിൽ ഇത്തരം പാർശ്വഫലങ്ങൾ ഇതുവരെ സംശയരഹിതമായി കണ്ടെത്തിയതായി റിപ്പോർട്ടുകളില്ല. പഠനങ്ങൾ വേണ്ടത്ര വ്യാപ്തിയിൽ ആവശ്യമായ കാലദൈർഘ്യത്തിൽ നടത്തിയാൽ , ഇത്തരം പാർശ്വഫലങ്ങൾ കണ്ടെത്താമെന്ന് അലിസൺ എയ്‌ലോ അഭിപ്രായപ്പെടുന്നു.

അണുനാശിനികളുടെ ഉപയോഗത്തെക്കുറിച്ച് ശാസ്ത്രജ്ഞർക്ക് വേറെയുമുണ്ട് ആശങ്കകൾ. അമേരിക്കയിലെ അറുപത് ശതമാനം നദികളിലും ജലാശയങ്ങളിലും ട്രൈക്ലോസാൻ, ട്രൈക്ലോകാർബാൻ എന്നീ അണുനാശിനികളുടെ സാന്നിദ്ധ്യം പരിഗണാനർഹമായ തോതിലുണ്ടെന്ന് അവടെ നടന്ന പരീക്ഷണങ്ങൾ തെളിയിക്കുന്നു. ഇത്തരം പഠനങ്ങൾ നടക്കാത്ത നമ്മുടെ നാട്ടിലെ സ്ഥിതി നമുക്കറിയില്ല. കീടനാശിനികളുടെ കഥ ഇപ്പോൾ ഏറെക്കുറെ പ്രസിദ്ധമാണെങ്കിലും ജലനിർഗമന മാർഗ്ഗങ്ങളിൽ കൂടിയും മാലിന്യസംസ്കരണത്തിലൂടെ നിർമ്മിക്കുന്ന വളങ്ങളിൽ നിന്നുമൊക്കെ അണുനാശിനികൾ കൃഷിയിടങ്ങളിലേക്കും ആഹാരവസ്തുക്കളിലെത്തിപ്പെടാമെന്ന് അമേരിക്കയിലെ ശാസ്ത്രജ്ഞർ ആശങ്കപ്പെടുന്നു. ഇവിടെയൊക്കെ പ്രതിരോധശേഷിയുള്ള അണുക്കളും രൂപപ്പെട്ടുവെന്നും വരാം. ഇപ്പോൾ തന്നെ രക്തത്തിലെ പ്ലാസ്മയിലും മുലപ്പാലിലും വരെ 'ട്രൈക്ലോഡാനി'ന്റെ അംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനോ ശിശുക്കൾക്കോ അപകടരഹിതമായ തോതിലാണെന്ന് മാത്രം. എന്നാൽ തവളകളിലും എലികളിലും ഇതേ തോതിൽ 'ട്രൈക്ലോസാൻ' ഹോർമോൺ വ്യവസ്ഥയിൽ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്

### പ്രയോജനരഹിതം.

ഇത്തരം അണുനാശിനികൾ അടങ്ങിയ ഉൽപ്പന്നങ്ങൾ ഉല്പാദകർക്കും ഇടനിലക്കാർക്കുമല്ലാതെ ഉപഭോക്താക്കൾക്ക് കാര്യമായ പ്രയോജനമൊന്നുമുണ്ടാകുന്നില്ലെന്നതാണ് വാസ്തവം. അമേരിക്കൻ ഭക്ഷ്യ-ഔഷധ ഭരണ സംവിധാനം (U.S. Food and Drug Administraton) സോപ്പുപോലെയുള്ള കൺസ്യൂമർ ഉല്പന്നങ്ങളിൽ അണുനാശിനികൾ ചേർക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുള്ളതായി വേണ്ടത്ര തെളിവുകളില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ടു നേരം കുളിക്കുക, ഭക്ഷണത്തിന് മുൻപും പിൻപും

# എംഗൽസും വികസന വിരുദ്ധനോ?



**കമ്മ്യൂണിസ്റ്റ് താത്വികനായ ഫ്രെഡറിക് എംഗൽസിന്റെ 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' (The Dialectics of Nature) എന്ന പുസ്തകത്തിലെ ഏതാനും വരികളാണ് താഴെ ചേർത്തിരിക്കുന്നത്. എംഗൽസിന്റെ ഈ വരികൾ ഇന്ന് എത്ര പ്രസക്തമാണെന്ന് ചിന്തിച്ചുനോക്കൂ..**

"പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ വിജയങ്ങളെപ്പറ്റി നാം കൂടുതൽ അഹങ്കരിക്കാതിരിക്കുക. എന്തെന്നാൽ, അത്തരം ഓരോ കീഴടക്കലിനും പ്രകൃതി പകരം വീട്ടും. ഓരോ വിജയവും പ്രഥമദൃഷ്ട്യാ നാം ഉദ്ദേശിച്ച ഗുണമായിരിക്കാം ചെയ്യുന്നത്. എന്നാൽ പിന്നീടുണ്ടാകുന്ന പ്രതികരണങ്ങൾ ആദ്യവിജയങ്ങളുടെ പ്രഭാപൂരം കെടുത്തി കളയുക തന്നെ ചെയ്യും. മെസപ്പൊട്ടേമിയ, ഗ്രീസ്, ഏഷ്യാമൈനർ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ കൃഷിചെയ്യാൻ വേണ്ടി കാടുകൾ നശിപ്പിച്ചപ്പോൾ, കാട് നശിക്കുന്നതോടെ ആ പ്രദേശത്തെ ഊർപ്പസംഭരണികൾ നഷ്ടപ്പെടുകയും ഇന്നു കാണുന്ന ദയനീയമായ സ്ഥിതിവിശേഷം അവിടെ സംജാതമാകുകയും ചെയ്യുമെന്ന് സ്വപ്നത്തിൽപോലും വിചാരിച്ചിരിക്കുകയില്ല. ആതുപോലെതന്നെ ഇറ്റലിക്കാർ ആൽപ്സ് പർവ്വതനിരയുടെ തെക്കെ ചരിവുകളിലെ പൈൻ കാടുകൾ വെട്ടിമാറ്റിയപ്പോൾ അവരുടെ ക്ഷീരവ്യവസായത്തിന്റെ വേരുകളിലാണ് കോടാലി പതിക്കുന്നതെന്നോ അതിലുമുപരിയായി മലകളിലെ നിത്യനീരുറവകൾ വരണ്ടു പോകുവാനും മഴക്കാലത്ത് താഴ്‌വരകളിൽ അതിഭയങ്കരമായ വെള്ളപ്പൊക്കം സൃഷ്ടിക്കാനും ഇടയാക്കുമെന്നോ ശങ്കിച്ചതു പോലുമില്ല...

....ഇങ്ങനെ പലവിധത്തിലും നാം, ഒരു ജേതാവ് അന്യനാടിനെയന്നപോലെ, പ്രകൃതിയിൽനിന്ന് അതിനെ അടക്കിഭരിക്കുകയല്ല. പകരം നാം നമ്മുടെ മാംസം, രക്തം, ബുദ്ധി ഇവയോന്നിച്ചുതന്നെ പ്രകൃതിക്ക് അവകാശപ്പെട്ടത് മാത്രമാണ് എന്ന് ഓരോ കാൽവെയ്പ്പിലും നമ്മെ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, നമുക്ക് പ്രകൃതിയുടെ മേൽ മറ്റു ജന്തുക്കളിൽ ഉപരിയായി എന്തെങ്കിലും ആധിപത്യമുണ്ടെങ്കിൽ, അത് പ്രകൃതിയുടെ നിയമങ്ങൾ മനസ്സിലാക്കുവാനും ശരിയാംവിധം അവയെ പ്രയോഗത്തിൽ വരുത്തുവാനുമുള്ള കഴിവുമാത്രമാണ്."

*കേരളത്തിലെ ഇടതുപക്ഷ സർക്കാരിന് നേതൃത്വം നൽകുന്ന സി.പി.എംന്റെ സംസ്ഥാനകമ്മറ്റി സർക്കാരിന് നൽകിയ മാർഗ്ഗനിർദേശത്തിൽ ഒന്ന് ഇപ്പോഴും അതിരപ്പിള്ളി പദ്ധതി നടപ്പാക്കുകയെന്നതുതന്നെ. ഇവരാരുംതന്നെ എംഗൽസിന്റെ ഈ പുസ്തകം വായിച്ചില്ലെന്നുണ്ടോ ?*

*കേരളത്തിലെ അവശേഷിക്കുന്ന പച്ചതുരുത്തുകൾ വെട്ടിമാറ്റി നീരുറവകൾ വറ്റിക്കുന്ന പദ്ധതികൾ ഉപേക്ഷിക്കാൻ എംഗൽസിന്റെ വാക്കുകളെങ്കിലും ഇവരെ പ്രേരിപ്പിക്കുമോ? കേരളത്തിലെ മുൻമുഖ്യമന്ത്രിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആചാര്യനുമായിരുന്ന ശ്രീ അച്ച്യുതമേനോൻ തന്റെ അവസാനക്കാലത്ത് എഴുതിയ ഒരു ലേഖനത്തിൽ എല്ലാകമ്മ്യൂണിസ്റ്റുകാരും എംഗൽസിന്റെ ഈ പുസ്തകം പഠിക്കേണ്ടതാണ് എന്നുപദേശിച്ചിരുന്നു.*

---

കൈകഴുകുക, ദിവസം രണ്ടോ മൂന്നോ തവണ സോപ്പുപയോഗിക്കുക ഇതൊക്കെത്തന്നെ വ്യക്തിശുചിത്വത്തിൽ ധാരാളം അണുനാശിനികൾ കൊണ്ട് വലിയ കാര്യമൊന്നുമില്ലെന്നാണ് അമേരിക്കയിലെ ഈ രംഗത്തുള്ളവരുടെ പൊതുഅഭിപ്രായം. അമേരിക്കനോക്കികളായ ഇന്നത്തെ ഇൻഡ്യൻ സമൂഹം ഇത് ശ്രദ്ധിക്കേണ്ടതാണ്.

പൂർണ്ണമായും അണുവിമുക്തമയ സാഹചര്യങ്ങളിലാണ് ആരോഗ്യമുള്ള മനുഷ്യൻ ജീവിക്കേണ്ടതെന്ന ധാരണയാണ് പരസ്യങ്ങൾ നമുക്ക് തരുന്നത്. ഇത് വളരെ അപകടകരവും അബദ്ധജടിലവുമാണ്. പൂർണ്ണ ആരോഗ്യവാനായ ഒരു മനുഷ്യന്റെ വായിലും തൊണ്ടയിലും ദഹനവ്യൂഹത്തിലും ത്വക്കിലുമെല്ലാം ധാരാളം സൂക്ഷ്മജീവികളുണ്ട്. ഇവയെല്ലാം അപകടകാരികൾ അല്ലേയല്ല. പലതും തികച്ചും നിരുപദ്രവകാരികൾ. ചിലതൊക്കെ ഗുണകരമായ ധർമ്മം അനുഷ്ടിക്കുന്നവ.ചിലതൊക്കെ അപകടകാരികളാവുന്നത് ക്രമാതീതമായി പെരുകുമ്പോൾ മാത്രം. തൊണ്ടയിലെ സ്ട്രെപ്റ്റോകോക്കൈ ഇനത്തിലെ ബാക്ടീരിയകൾ അനുകൂലസാഹചര്യങ്ങളിൽ പെരുകുമ്പോൾ മാത്രമാണ് തൊണ്ടവീക്കമുണ്ടാകുന്നത്.

രോഗപ്രതിരോധ ശേഷി തീരെ കുറഞ്ഞിരിക്കുന്ന അവസ്ഥയിൽ അണുവിമുക്തമായ അന്തരീക്ഷം രോഗങ്ങളൊഴിവാക്കാൻ വേണ്ടിവരും. അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർ, കീമോതെറാപ്പി എന്ന ക്യാൻസർ ചികിത്സക്ക് വിധേയരാകുന്നവർ, വൻശസ്ത്രക്രിയ കഴിഞ്ഞ രോഗികൾ, മറ്റ് കഠിനരോഗബാധിതർ തുടങ്ങിയവക്ക് ഇങ്ങനെയൊരു സാഹചര്യം വേണ്ടിവരും. എന്നാൽ അമിതശുചീകരണത്തിന്റെ അവസ്ഥയിൽ, അണുവിമുക്തസാഹചര്യത്തിൽ ജീവിക്കാൻ ശ്രമിക്കുന്നത് അപകടകരമാണ്. രോഗപ്രതിരോധശേഷി കുറഞ്ഞുപോകാനെ ഇതിടയാക്കൂ. അതുപോലെ പാത്രങ്ങൾ ഭക്ഷണാവശിഷ്ടങ്ങളില്ലാതെ വൃത്തിയാക്കുക എന്നതാണ് പ്രധാനം. ചാരമോ മണൽപൊടിയോ,സോപ്പോ,ഡിറ്റർജന്റോ ആകാം. വേണമെങ്കിൽ നല്ല ചൂടുള്ള വെളളവുപയോഗിക്കാം. അണുനാശിനികൾ വേണ്ടേ വേണ്ട !

---

## ചെലവ് കുറയ്ക്കാൻ പ്രയോഗിക വഴികൾ

ജീവിതച്ചെലവ് വർദ്ധിച്ചുവരികയാണിപ്പോൾ .. ഉള്ളവരുമാനംകൊണ്ട് തൃപ്തികരമായി ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉണ്ടാകുമല്ലോ. നിത്യോപയോഗസാധനങ്ങൾ വാങ്ങുന്നതിൽ, വസ്ത്രം, പത്രമാധ്യമങ്ങൾ, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ടെലിഫോൺ, സൽക്കാരങ്ങൾ, യാത്രകൾ.... ഇങ്ങനെ സ്ഥിരമായി വേണ്ട കാര്യങ്ങളിൽ ചെലവ് കുറയ്ക്കാൻ ഓരോരുത്തരും സ്വീകരിക്കുന്ന, സ്വന്തമായി വികസിപ്പിച്ചെടുത്ത വഴികൾ ഉണ്ടാകും. ഇവ പങ്കുവെയ്ക്കുന്നത് പ്രയോജനകരമായിരിക്കും. അതിനായി ലിറ്റിൽ മാസിക ഇത്തിരി ഇടം പതിവായി നൽകുന്നു. ദയവായി സഹകരിക്കുക.

**അടുത്തലക്കത്തിലേക്ക്:**
**ടെലഫോൺ**

ലാന്റ് ലൈനായാലും മൊബൈലായാലും ചെലവ്-ചെലവ്തന്നെ! ടെലിഫോൺ ഇനത്തിലുള്ള ചെലവ് കുറയ്ക്കാൻ നിങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം? പോസ്റ്റ് കാർഡിൽ സെപ്തംബർ 30ന് **മുമ്പ്, പത്രാധിപർ,ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ, മലപ്പുറം ജില്ല** എന്ന വിലാസത്തിൽ അയയ്ക്കുക ടെലിഫോൺ വേണ്ട.

കവിത

## ഹൃദയം നുറുങ്ങിയവർക്ക്

**ജോയ് ജോസഫ്**

ഈ വരി നിങ്ങൾക്ക്
തകർന്നവർക്ക്
ഒറ്റക്കിരുന്ന് കരഞ്ഞവർക്ക്
ജീവിതം കൊണ്ട് മുറിവേറ്റവർക്ക്
ഉടലിളകി കണ്ടുനിന്നവർക്ക്
അഭയമില്ലാത്തവർക്ക്
ശബ്ദങ്ങൾ വിഴുങ്ങേണ്ടി വന്നവർക്ക്
വിശപ്പ് കടിച്ചു മുറിച്ചവർക്ക്
ദു:ഖം കോരിനനച്ചവർക്ക്
കാറ്റായ് വീശിയൊങ്ങിയവർക്ക്
തീയായ് ആളിയമർന്നവർക്ക്
ഈ ഒറ്റയൊറ്റ വരികൾ
ഇത് നിങ്ങൾക്ക്-
ഹൃദയം നുറുങ്ങിയവർക്ക്

## വെറുതെയീ മോഹം

**അശോകൻ ആർ.ടി**

എന്താണാഗ്രഹമെന്ന ചോദ്യത്തിന്
LKG യിൽ പഠിക്കുന്ന സ്നേഹമോൾ
പറഞ്ഞു.
മണ്ണിൽ ചവിട്ടാൻ!

## പ്രണയം

**ബിജു ഇബ്രാഹിം**

നിന്റെ പ്രണയം മേഘത്തെപ്പോലെയാണ്
അത് എതിർപ്പില്ലാത്തിടത്തെല്ലാം
കടന്നു ചെല്ലും
എന്നിട്ട്,
പർവ്വതങ്ങളേയും സമതലങ്ങളേയുമെന്നപോലെ
ചുറ്റിവരിഞ്ഞങ്ങനെ നിൽക്കും
ഒടുവിൽ,
തണുത്ത് ഘനീഭവിച്ച് ജലകണങ്ങളായി
ഒരുനാൾ താഴേയ്ക്ക് വീഴും
മഴത്തുള്ളികളായല്ല മഞ്ഞുതുള്ളികളായി
കാരണം,
നീയെന്നും നിലാവിനെയാണല്ലോ
സ്നേഹിച്ചിരുന്നത്......

പുസ്തകം

# സുകേതു ഞെട്ടിച്ചു !

### അവനവൻ പ്രസാധനത്തിന്റെ പുതുപരീക്ഷണം




സുകേതുവിന്റെ പുതിയ പുസ്തകമായ 'ഇങ്ങനെയും' സൗജന്യമായി തരാമെന്ന് ഗ്രന്ഥകാരൻ തന്നെ ചെറുകിട മാസികകളിൽ പരസ്യം നൽകിയിട്ടും ഒന്നനങ്ങാത്ത ചിലരെങ്കിലും പുസ്തകം കണ്ടപ്പോൾ ഞെട്ടിക്കാണണം. അങ്ങനെ ചിലരെങ്കിലും സുകേതുവിന് തപാൽ കാർഡ് വാങ്ങി എഴുതികാണണം.

അവർക്കെല്ലാം പുസ്തകം കിട്ടിക്കാണും. കിട്ടിയവരെല്ലാം വായിച്ചുകാണുമെന്ന് ഉറപ്പ്! എങ്ങനെ വായിക്കാതിരിക്കും? പുറംചട്ട തുറന്നാൽ കാണുക വായിക്കാത്ത മാഷ്മാർക്കുള്ള സമർപ്പണമല്ലേ?

അധ്യാപകനായ സുകേതുവിന്റെ ഇങ്ങനെയുമുള്ള കുറിപ്പുകളിൽ കാരൂരിന്റെ കാലത്തെ പാവം സാറന്മാരെ കാണാനേയില്ല. അക്ബറിന്റെ കാലത്തെ (ചക്രവർത്തിയുടേയല്ല, കക്കട്ടിലിന്റെ..) അധ്യാപഹയൻമാരുമില്ല. പുതിയ കാലത്തെ ഭിന്ന വേഷക്കാരായ മാഷൻമാരും സ്കൂളുമാണ് നിറഞ്ഞുനിൽക്കുന്നത്. ലേബർ ഇന്ത്യാ പ്രതിജ്ഞയിൽ തുടങ്ങി അധ്യാപക കലണ്ടറിൽ അവസാനിക്കുന്ന 60 ഓളം രചനകളിൽ മുറ്റിനിൽക്കുന്നത് സുകേതുവിന്റെ കറുത്ത ഹാസ്യം തന്നെ! പലയിടത്തും ചെന്നുകൊള്ളുന്ന അമ്പുകൾ ! (അമ്പുകൊള്ളാത്തവരില്ല ഗുരുക്കളിൽ...) ഇത്ര മനോഹരമായി രൂപകല്പന ചെയ്ത് (ഷെരിഫിന്റെ വര ഗംഭീരം) സ്വന്തം ചെലവിൽ അടിച്ചിറക്കി വിതരണം ചെയ്താൽ എന്നാകിട്ടും? എന്ന് ആലോചിക്കായ്കയില്ല. ഒരു പി.എഫ് ലോൺ, വാഷിംഗ്മെഷീനും, ഫ്രിഡ്ജിനും പോകുന്നത് ഇങ്ങനെയും. മാഷൻമാർക്ക് കളയാലോ എന്ന് കരുതിക്കാണും. അതോ ഇങ്ങനെയെങ്കിലും പാവം മാഷൻമാർ വായിച്ചോട്ടെ എന്നോ എന്തായാലും സ്റ്റാഫ് റൂമിൽ റാപ്പർ പൊട്ടിക്കാതെ കിടക്കുന്ന അധ്യാപക ലോക-വിദ്യാരംഗാദികൾക്കിടയിൽ സുകേതുവിന്റെ പുസ്തകം കിടക്കില്ലെന്നുറപ്പ്.

**- അക്കു**

**ഇങ്ങനെയും**- സുകേതു (കഥകൾ)
പ്രസിദ്ധീകരണം: ഗ്രന്ഥകർത്താവ്
വില: ഇല്ല
ഗ്രന്ഥകാരന്റെ വിലാസം:
സുകേതു
വണ്ടിത്താവളം ഹൈസ്കൂൾ, പാലക്കാട്- 678534

## ചെലവേറിയ വായന

**ടി.എം. ഗോപാലകൃഷ്ണൻ**

ലിറ്റിൽ മാസികയുടെ 100-ാം പതിപ്പിൽ എഡിറ്റോറിയൽ പേജിൽ "ചെലവേറിയ വായന" എന്ന തലക്കെട്ടിൽ വന്ന ചെറു നിരീക്ഷണകുറിപ്പ് ശ്രദ്ധേയമായി. പുസ്തക പ്രകാശനം നല്ല ലാഭമുള്ള ഒരു വ്യവസായമായി മാറികൊണ്ടിരിക്കുകയാണ്. സാഹിത്യപ്രവർത്തക സഹകരണ സംഘം നഷ്ടത്തിലേക്ക് മുതലക്കൂപ്പുകുത്തിയതോടെ കേരളത്തിൽ പുസ്തക പ്രകാശനരംഗത്ത് ഡി.സി. ബുക്സ് അടക്കമുള്ള സ്വകാര്യപ്രസാധകർ മേൽക്കൈ നേടികഴിഞ്ഞു. അച്ചടി രംഗത്ത് പുത്തൻ സാങ്കേതിക വിദ്യയുടെ കടന്നു വരവോടെ സ്വകാര്യപ്രസാധകർ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കെട്ടിലും മട്ടിലും ഭംഗിയും നിലവാരവും പുലർത്തുന്നവയാണെന്നത് ഒരു വസ്തുതയാണ്. ഒപ്പം പുസ്തകങ്ങളുടെ വില ക്രമാതീതമായി ഉയരുകയും വായന ചെലവേറിയതായി മാറുകയും ചെയ്തു.

**സ്വകാര്യപ്രസാധകൻതൊട്ട പുസ്തകം ഒന്നിനും കൊള്ളില്ലെന്നുപോലും പി. എഴുതിയിട്ടുണ്ട്.**

സാഹിത്യപ്രവർത്തന സഹകരണ സംഘം സ്ഥാപിതമാവുന്നതിനുമുമ്പുള്ള മലയാളത്തിലെ എഴുത്തുകാരുടെ ദൈന്യതകളെ മഹാകവി പി. കുഞ്ഞിരാമൻ നായർ "കവിയുടെ കാൽപ്പാടുകൾ" എന്ന ആത്മകഥയിൽ വേദനയോടെ വിവരിച്ചിട്ടുണ്ട്. ദാരിദ്ര്യത്തിൽ കഴിഞ്ഞ പി യെ കുറച്ചൊന്നുമല്ല മലയാളത്തിലെ സ്വകാര്യപ്രസാധകർ ചൂഷണം ചെയ്തിട്ടുള്ളതത്രെ. മഹാകവി പി യുടെ "ചാരിത്ര രക്ഷ" എന്ന കൃതിയുടെ പകർപ്പാവകാശം ഒരു സ്വകാര്യ പുസ്തക മുതലാളി നിസ്സാരവിലയ്ക്ക് വാങ്ങി. പിന്നീട് ആ കൃതി പലതവണ ഉപപാഠപുസ്തകമായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടുവെങ്കിലും കവിയ്ക്ക് അതിൽ നിന്ന് ധനനേട്ടമൊന്നുമുണ്ടായില്ല. ഇത്തരം ഒരുപാട് തിക്താനുഭവങ്ങൾ- സ്വകാര്യപുസ്തകമുതലാളിയുടെ മുന്നിൽ തന്റെ ഗതികേട്കൊണ്ട് ഓച്ഛാനിച്ച് നിൽക്കേണ്ടിവന്നതടക്കം വിവരിച്ച അദ്ദേഹം സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ വരവ് താനടക്കമുള്ള മലയാളത്തിലെ എഴുത്തുകാർക്ക് വലിയ കൈത്താങ്ങായതായി പറയുന്നുണ്ട്. സ്വകാര്യപ്രസാധകൻതൊട്ട പുസ്തകം ഒന്നിനും കൊള്ളില്ലെന്നുപോലും പി. എഴുതിയിട്ടുണ്ട്.

മാറി മാറി വന്ന ഭരണക്കാരുടെപിടിപ്പുകേടും കെടുംകാര്യസ്ഥതയുമാണ് സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ തകർച്ചയ്ക്ക് വഴിവെച്ചത്. എസ്.പി.സി.എസിനെ ഈ ദു:സ്ഥിതിയിൽ നിന്നും രക്ഷിച്ചേ മതിയാകൂ. എസ്. പി. സി. എസിന്റെ തകർച്ചയെ മുതലെടുത്ത് മലയാളത്തിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ മുതൽ ഉത്തരാധുനികരിൽ മുൻ നിരയുലുള്ള എഴുത്തുകാരുടെ കൃതികളുടെ വരെ പ്രസാധനം ഡി.സി.യിലൂടെയായിട്ട് വർഷങ്ങളായി. ഈ പോക്കുപോയാൽ സ്വകാര്യമുതലാളിമാർക്ക് മുന്നിൽ മലയാളത്തിലെ എഴുത്തുകാർ ഓച്ഛാനിച്ചുനിൽക്കേണ്ടി വരുന്ന കാലം വിദൂരമാവില്ല.



വ്യക്തിവിശേഷം

## കരീം മുണ്ടേങ്ങര

കരീം ഇതുരണ്ടുമാണ്. ശില്പിയും പോർട്ടറും. പ്രതിബദ്ധതയുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകനും ഈ വ്യക്തിക്കുള്ളിൽ സജീവം.

മലപ്പുറം ജില്ലയിലെ എടവണ്ണ മുണ്ടേങ്ങരയിൽ ചാലിയാർക്കരയിൽ ജനിച്ചുവളർന്ന കരീം ജീവിതോപാധിക്കായി ചുമട്ടുകാരനാകുമ്പോഴും കല കൈവെടിഞ്ഞില്ല. സ്വയംവികസിപ്പിച്ചെടുത്ത സർഗ്ഗവൈഭവത്തിൽനിന്നാണ് ഇയാൾ ശില്പ്പങ്ങൾ മെനയുന്നത്. കൊളപ്പാട് ക്ഷേത്രത്തിലെ ഹനുമാൻ വിഗ്രഹം തനിക്ക് നിർമ്മിക്കാൻ കഴിഞ്ഞതും ബാർഡോസിലെ അടിമകളുടെ നേതാവ് ബുസ്സ എന്ന വിപ്ലവകാരിയുടെ ശില്പമുണ്ടാക്കാൻ കഴിഞ്ഞതുമെല്ലാം അഭിമാനത്തോടെയാണ് ഈ കലാകാരൻ കാണുന്നത്. പ്രതിമാനിർമ്മാണത്തെ മതകീയമായ കാഴ്ചപ്പാടിൽ വിരുദ്ധമായി കാണുന്ന ചുറ്റുപാടിൽ താൻ ശില്പങ്ങൾ മെനയുന്നത് എതിർപ്പുകൾക്കിടയിൽ നിന്നാണെന്ന് കരീം പറയുന്നു. ശില്പനിർമ്മാണത്തിൽ സഹായിയായി സഹപ്രവർത്തകനായ ജാഫറും കൂടെയുണ്ട്. എടവണ്ണ ടൗണിലെ പോർട്ടർപണിക്കിടയിലും ചെടികൾ വളർത്താനും പരിക്കേറ്റ പക്ഷിമൃഗാദികളെ പരിപാലിക്കാനും ഇയാൾ താല്പര്യം കാണിക്കുന്നു.

*വിലാസം: എടവണ്ണ പി.ഒ 676541, മലപ്പുറം ജില്ല*

നാട്ടുശാസ്ത്രം



# കൊതുകു നിയന്ത്രണത്തിന് ലളിതമായ ഒരു പ്രായോഗിക മാർഗ്ഗം!

**ഹാരിസ് നെന്മേനി**

ഈയിടെ അന്തരിച്ച നാട്ടുശാസ്ത്രജ്ഞനായ എം.ജെ.ജോസഫ് രൂപം കൊടുത്ത ഫലപ്രദമായ ഒരു ഉപകരണത്തെക്കുറിച്ച്......

തിരി പുകയ്ക്കാനും മരുന്നടിക്കാനും പോകേണ്ട.. കൊതുകുകളെ തുരത്താൻ ഇതാ ഒരു ലളിതമാർഗ്ഗം 2007 ഫെബ്രുവരിയിൽ പന്നിയൂരിൽ നടന്ന ഒന്നാം കർഷകകോൺഗ്രസ്സിൽ കൃഷിക്കാരനായ എം. ജെ. ജോസഫ് അവതരിപ്പിച്ച ഈ സാങ്കേതിക വിദ്യ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

ഒരു പ്ലാസ്റ്റിക് പാത്രവും പ്രവേശനദ്വാരങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന നെറ്റ്പോക്കറ്റുകളുംമാണ് ഈ കൊതുകനശീകരണ ഉപകരണത്തിന്റെ പ്രധാനഭാഗങ്ങൾ. ഈ പാത്രങ്ങളിൽ വെള്ളം നിറച്ച് കൊതുകെത്താൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വച്ചാൽ കൊതുകുകൾ പാത്രത്തിന്റെ പ്രവേശനദ്വാരങ്ങളിലെ വെള്ളത്തിൽ മുട്ടകൾ വിസർജ്ജിക്കുകയും അവ വലക്കണ്ണികളിലൂടെ പാത്രത്തിന്റെ ഉള്ളിൽ എത്തുകയും ചെയ്യും. പാത്രത്തിനുള്ളിൽ വെച്ച് മുട്ടകൾ വിരിഞ്ഞ് ലാർവയും പിന്നീട് പ്യൂപ്പയും ആകുമെങ്കിലും പ്യൂപ്പകൾ കൊതുകായാൽ അവ വലയുടെ ഉള്ളിലായതിനാൽ പറന്ന് പുറത്തുപോകാനാവാതെ ചത്തുപൊയ്ക്കൊള്ളും.

6-7 ദിവസം വേണം കൊതുകുമുട്ടവിരിഞ്ഞ് ലാർവയാകാൻ. വെള്ളം കെട്ടിനിൽക്കുന്നിടത്താണ് സാധാരണ കൊതുകുകൾ മുട്ടയിടുക. പതിവായി കൊതുകുകളുള്ള സ്ഥലത്ത് പാത്രങ്ങൾ വച്ചാൽ അവയുടെ ജനനപ്രക്രിയ പാത്രത്തിനകത്ത് നടന്നുകൊള്ളും. ഈ പ്രക്രിയ എന്നും തുടരുന്നതിനാൽ ഉപകരണം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് കൊതുകുകൾ കറയും.

ഈ ഉപകരണത്തിന് ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചെമ്പേരി സ്വദേശിയായ എം. ജെ. ജോസഫ് 95-ാം വയസ്സിൽ അടുത്തകാലത്താണ് മരണപ്പെട്ടത്. കാർഷികവൃത്തി എളുപ്പമാക്കാനുള്ള നിരവധി ഉപകരണങ്ങൾ അദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്.

വാർത്തകളിൽ

# മരുന്നുപരീക്ഷണത്തിനിടെ എയിംസിൽ 49 കുട്ടികൾ മരിച്ചു.

ഞെട്ടിപ്പിക്കുന്ന വാർത്തയാണ് ഇക്കഴിഞ്ഞമാസം അവസാനവാരം ഏതാനും പത്രങ്ങളിൽ വന്നത്.! (ഇത്തരം വാർത്തകളെന്തേ നാം കാശ് കൊടുത്ത് വാങ്ങുന്ന പത്രങ്ങളിൽ വേണ്ട രീതിയിൽ വരാത്തതെന്ന് ഓരോരുത്തരും ചിന്തിക്കുക) മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ തഴച്ചുവളരുന്ന നമ്മുടെ നാട്ടിൽ നിന്ന് ഈ വാർത്തയെക്കുറിച്ച് ഒന്നാലോചിച്ചുനോക്കൂ.

ഡെൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (എയിംസ്) കഴിഞ്ഞ രണ്ടരവർഷത്തിനിടെ 49 കുട്ടികൾ വിദേശനിർമ്മിത മരുന്നുകളുടെ പരീക്ഷണത്തിനിടെ മരണപ്പെട്ടു.

സന്നദ്ധസംഘടനയായ ഉദയ് ഫൗണ്ടേഷനിലെ രാഹുൽവർമക്ക് വിവരാവകാശനിയമപ്രകാരം അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ മറുപടിയിലാണ് ഞെട്ടിപ്പിക്കുന്ന ദുരന്തഫലം ലഭ്യമായത്. സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്താൻ എയിംസ് ഡയറക്ടറോട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു. സർക്കാർ നിയന്ത്രണത്തിലുള്ള ഇന്ത്യയിലെ ഏറ്റവും പ്രശസ്ത ആശുപത്രിയാണ് എയിംസ്. ഒരു വയസ്സ് തികയാത്ത കുഞ്ഞുങ്ങളാണ് മരിച്ചവരിൽ ഏറെയും. 42 ഇനം പരീക്ഷണങ്ങൾ നാലായിരത്തിൽ പരം കുട്ടികളിൽ 2006 ജനുവരി മുതൽ നടത്തിയതിനിടയിലാണ് ഇത്രയും കുഞ്ഞുങ്ങൾ മരിച്ചത്. സർക്കാർ അനുമതിയോടെയാണ് മരുന്നു പരീക്ഷണങ്ങൾ.. ഇവിടെ നടത്തുന്നത്. രോഗികളുടെ ആശ്രിതരുടെ അനുവാദം വാങ്ങിയാണ് മരുന്നുപരീക്ഷണം നടത്തുന്നതെന്നാണ് അധികൃതരുടെ വിശദീകരണം.

അടുത്തകാലത്തായി 139 വിദേശ മരുന്നുകളുടെ ക്ലിനിക്കൽ പരീക്ഷണങ്ങൾക്ക് ഇന്ത്യ വേദിയായിട്ടുണ്ടെന്ന് ആസൂത്രണകമ്മീഷന്റെ കണക്കുകൾ വിശദീകരിക്കുന്നു.

സമ്പന്നരാജ്യങ്ങളിൽ ക്ലിനിക്കൽ പരീക്ഷണം നടത്തിവരുന്ന ചെലവിന്റെ പകുതിമുതൽ അഞ്ചിലൊന്നുവരെ മാത്രമാണ് ഇന്ത്യയിൽ വരിക. ഈ ലാഭകണ്ണാണ് വിദേശകമ്പനികളെ ഇന്ത്യയിലേക്ക് ആകർഷിക്കുന്നത്.

എന്തായാലും ഗിനിപ്പന്നികളിലും എലികളിലും മുയൽകുഞ്ഞുങ്ങളിലുമുള്ള പരീക്ഷണത്തെക്കാളും ലാഭം തന്നെ ഇന്ത്യാമഹാരാജ്യത്തെ ഭാവിപൗരൻമാരുടെ മേലുള്ള ഈ മരുന്നുപരീക്ഷണം! നാനാജാതി വാക്സിനുകളും നിവാരണപരിപാടികളും പൊടിപൊടിക്കുന്ന നമ്മുടെ നാട്ടിൽ പരീക്ഷണപരിപാടികളും വിജയിക്കട്ടെ!

# തേനീച്ചക്ക്യഷിയിലെ കൂട്ടായ്മ

**തേനീച്ച കൃഷിയിൽ മാതൃക യാവുന്ന ഒരു ഗ്രാമത്തെക്കുറിച്ച്.....**

**ആർ. വീണാറാണി**

ഒരു ഗ്രാമം തേനീച്ചയിലൂടെ ലോക ശ്രദ്ധ നേടുക. തേനീച്ച സംരംഭകരുടെ നേതൃസ്ഥാനത്തുണ്ടായിരുന്ന വനിത പഞ്ചായത്ത് പ്രസിഡന്റാകുക. തേനീച്ചയ്ക്ക് ഇത്രയൊക്കെ ചെയ്യാൻ കഴിയുമൊയെന്ന് സംശയിക്കേണ്ട. കാസർക്കോട് ജില്ലയിലെ മലയോരഗ്രാമമായ കിനാനൂർ-കരിന്തളമാണ് തേനീച്ചക്കുടുംബത്തെപ്പോലെ സ്ത്രീശക്തിയിൽ മുന്നേറുന്നത്.

2004 ൽ 50 ഗ്രൂപ്പുകളിലെ 1000 വനിതകളെ സംഘടിപ്പിച്ച് തേനീച്ചവളർത്തലിൽ പരിശീലനം നൽകിക്കൊണ്ടായിരുന്നു കിനാനൂർ-കരിന്തളം ഈ രംഗത്ത് അരങ്ങേറ്റം കുറിച്ചത്. കാസർകോട് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി മുഖാന്തിരം പരിശീലനം നൽകി. ക്ലാസ് റൂമിൽ ഇരുന്ന് ഉറക്കംതൂങ്ങുന്ന പരിശീലനത്തിൽ നിന്നു ഭിന്നമായി സ്വന്തമായൊരു തൊഴിൽ നേടുക എന്ന ഉദ്ദേശത്തോടെ തേനീച്ചത്തോട്ടത്തിൽത്തന്നെയായിരുന്നു പരിശീലനം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഉൾപ്പെടുത്തി തുടങ്ങിയ വനിതാകൂട്ടായ്മയുടെ നേതൃത്വം ഏറ്റെടുത്തത് അന്നത്തെ സിഡിഎസ് ചെയർപേഴ്സൺ ജാസ്മിൻ ആയിരുന്നു. പഞ്ചായത്ത് മെമ്പറെന്ന മുൻപരിചയം ഇല്ലാതെ തന്നെ പിന്നീട് വന്ന തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് പ്രസിഡന്റാക്കാൻ അവിടുത്തെ ജനങ്ങളെ പ്രേരിപ്പിച്ചതും ജസ്മിന്റെ കഴിവിലുള്ള വിശ്വാസം തന്നെ. തേനീച്ചക്കുടുംബത്തിലെ റാണിയെപ്പോലെ കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകളെ സംരംഭകരാക്കിയതിനുള്ള അവാർഡും 2005 ൽ ജാസ്മിനെ തേടിയെത്തി.

പരിശീലനം ലഭിച്ച വനിതകൾക്ക് ഇന്ത്യൻ തേനീച്ച അഥവാ ഏപിസ് മെല്ലിഫെറ ഇനത്തിൽപ്പെട്ട തേനീച്ചകളെയാണ് നൽകിയത്. 1000 വനിതകളേയും ഗ്രൂപ്പുകളാക്കി തിരിച്ച് ആവശ്യമായ ബാങ്ക് വായ്പയും, വായ്പയുടെ 50 ശതമാനം സബ്സിഡിയും നൽകി. പഞ്ചായത്ത് പ്ലാൻ ഫണ്ടും കുടുംബശ്രീ മിഷൻ ഫണ്ടും ഇതിന് വിനിയോഗിച്ചു. ബോധവൽക്കരണത്തിനു മാത്രമല്ല തേനീച്ചവളർത്തലിന്റെ വിവിധ ഘട്ടങ്ങളിൽ വനിതകൾക്ക് പ്രത്യേകം പരിശീലനങ്ങളും നൽകി. തെങ്ങിൻതോട്ടങ്ങളിലും റബർതോട്ടങ്ങളിലും കശുമാവിൻതോട്ടങ്ങളിലുമാണ് പെട്ടികൾ സ്ഥാപിച്ചത്. ഒന്നാം വർഷം തന്നെ ഓരോ ഗ്രൂപ്പിനും 20 ക്വിന്റലോളം തേൻ ലഭിച്ചതാണ് സ്ത്രീകളുടെ ആവേശം ഉയർത്തിയത്. പിന്നീടുള്ള വർഷങ്ങളും വിജയത്തിന്റേതായി.

കിനാനൂർ-കരിന്തളം പഞ്ചായത്തിലെ തേൻ കെ കെ ഹണി എന്ന ബ്രന്റ് നാമത്തിലാണ് വിപണിയിലിറക്കിയത്. കിലോഗ്രാമിന് ഹോൾസെയിൽ വില 80 രൂപയും റീട്ടെയിൽ വില 120 രൂപയുമാണ്. ഇന്ദ്രപ്രസ്ഥത്തിൽനിന്നുവരെ കെ കെ ഹണിക്ക് ആവശ്യക്കാരുണ്ടെന്നത് വിജയകഥയുടെ മറ്റൊരു ചിത്രം. ബീഡി വ്യവസായത്തെ ആശ്രയിച്ചു ജീവിച്ചിരുന്ന ഒരു കൂട്ടം വനിതകൾക്ക് സ്വന്തമായി ഒരു വെബ്സൈറ്റ് തുടങ്ങാൻ സാധിച്ചെങ്കിൽ അതുതന്നെയല്ലേ സ്ത്രീശക്തിയുടെ തേനീച്ച വിജയം.

*(ദേശാഭിമാനി, 2008 മെയ് 15)*

# നാലുകഥകൾ

**ജയരാജൻ പത്തപ്പിരിയം**

## രഹസ്യം

കുട്ടികൾക്ക് ലൈബ്രറിപുസ്തകം വിതരണം ചെയ്യുകയായിരുന്നു മലയാളം മാഷ്. അടുത്തിരുന്ന രണ്ടാമത്തെ മലയാളം മാഷുടെ ചെവിയിൽ പറഞ്ഞു.

'മാഷേ... ക്ലാസിൽ പഠിക്കാനുളള തല്ലാത്ത ഒറ്റപുസ്തകം ന്റെ ജീവിതത്തിൽ ഞാൻ വായിച്ചിട്ടില്ല...

രണ്ട് പറഞ്ഞു.

'ഇനിയൊരു ചെറ്യേ വിത്യാസംണ്ട് മാഷേ... ഞാൻ പഠിക്കാൻളള ഒറ്റപുസ്തകം കൂടി വായിച്ചിട്ടില്ല..'

ഗൈഡ് പല്ലി അട്ടത്ത് ചിലച്ചു.

ഒന്ന് രണ്ടിന്റെ തോളിൽ കയ്യിട്ടു.

'അതാവും നമ്മടെ ആരോഗ്യ രഹസ്യം...'

*(സമർപ്പണം: സുകേതുവിന്)*

## ദ്വിമുഖൻ

ഉളളിലുളളത് മുഖത്തൊളിക്കാൻ
നിനക്കാവില്ലെന്ന് ഒരാൾ.
ഉളളിലുളളത് വെളിപ്പെടുത്താൻ
നിനക്കാവില്ലെന്ന്
മറ്റൊരാൾ.

## മാർക്കറ്റോണപ്പുലി

പരസ്യവുമായി ക്യൂവിനരികെയെത്തിയ ഒരു'പുലികളി'കണ്ടതും താൻ ഓണമാഘോഷിക്കുകയാണല്ലോ എന്നൊരു ജീവനകലഉൾകൊണ്ട്, മഞ്ഞുകോരിയിട്ടപോൽ പുളകിതനായി നിന്നു, കോരൻ, ക്യൂവിൽ


## സുരക്ഷ

"അച്ചൻ അച്ചനുകൊടുക്കുന്നത്
ഇരട്ടിയായി ഞാൻ തിരിച്ചുതരും."
നിനക്കു തരാവുന്നതിനിരട്ടി
നിന്ദയും പീഢനവും
ഞാൻ പ്രതീക്ഷിക്കും.
എന്നെ തകർക്കാൻ നോക്കേണ്ട മോനേ.."
അച്ചന്റെ മതിൽ.

**തിരക്കിലാണോ നിങ്ങളും?**

ദയവായി ലിറ്റിൽമാസികയെക്കുറിച്ചുള്ള പ്രതികരണങ്ങൾ അറിയിക്കാൻ മനസ്സു കാണിക്കുക. സംവേദനം ശക്തമാക്കുക. തപാൽ കാർഡിന് മുൻഗണന.

എഡിറ്റർ, ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ.
മലപ്പുറം ജില്ല 679 934



*ആണവഭാരതം വിനാശത്തിന്റെ വഴിയിൽ - പുസ്തത്തിന്റെ കവർ*

*വര - വിനയ് ലാൽ*

*(കേരളീയം)*

ചുരുക്കം

പഞ്ചസാരഫാക്ടറികൾ പഞ്ചസാരമാത്രമല്ല അവിടെ ഉല്പാദിപ്പിക്കുന്നത്. വൈദ്യുതിയും ഉല്പാദിപ്പിക്കുന്നു.

# വൈദ്യുതി ഇഷ്ടംപോലെ.. തമിഴ്നാടിനെ കണ്ട് പഠിക്കാം

ആഗോളതലത്തിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ നാലാംസ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയെ ഈ സ്ഥാനത്തെത്തിച്ചതിൽ മുഖ്യപങ്ക് തമിഴ്നാടിനാണ്. ഇന്ത്യ ഇല്പാദിപ്പിക്കുന്ന 7000 മെഗാവാട്ട് കാറ്റാടി വൈദ്യുതിയിൽ 3161 മെഗാവാട്ടും തമിഴ്നാടിന്റെ സംഭാവന. ഇത് ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ നാലിരട്ടി വരും.

പാരമ്പര്യേതര ഊർജ്ജംവെറും കളിപ്പാട്ടങ്ങളല്ലെന്ന് തെളിയിക്കുകയാണ് തമിഴ്നാട്. മറ്റ് പലതിലുമെന്നപ്പോലെ ഇക്കാര്യത്തിലും കേരളം തമിഴ്നാടിനെ കണ്ട് പഠിക്കണം.

കേരളത്തിന്റെ മൊത്തം വൈദ്യുതി ഉല്പാദനശേഷിയിൽ കൂടുതൽ തമിഴ്നാട് പാരമ്പര്യേതര ഊർജ്ജരംഗത്തുനിന്നും ഉല്പാദിപ്പിക്കുന്നു.

പഞ്ചസാരഫാക്ടറികൾ പഞ്ചസാരമാത്രമല്ല അവിടെ ഉല്പാദിപ്പിക്കുന്നത്. 314 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നു. കരിമ്പിൻചണ്ടികത്തിച്ച് നീരാവിയുണ്ടാക്കിയാണ് ഈ ഉല്പാദനം.

കാർഷികവിഭവങ്ങളിൽ നിന്നുണ്ടാകുന്ന അവശിഷ്ടങ്ങൾ (നിലക്കടലത്തോട്, മരച്ചീനി, ചോളഅവശിഷ്ടങ്ങൾ, ചിരട്ട, ഉമി, അറക്കപൊടി, മരകഷ്ണങ്ങൾ മുതലായവ) കത്തിച്ച് ജൈവഇന്ധന വൈദ്യുതി (ബയോമാസ്- ഗ്യാസിഫെയർ) ഉല്പാദിപ്പിക്കുന്നത് 77.85 മെഗാവാട്ട് ആണ്.

മറ്റ് മാലിന്യങ്ങൾ, സോളാർ എന്നീ സ്രോതസ്സുകളും ചെറുകിട വൈദ്യുതപദ്ധതികളും വൈദ്യുത ഉല്പാദനത്തിനായി തമിഴ്നാട് ശ്രദ്ധവെക്കുന്ന മേഖലകളാണ്.

തമിഴ്നാടിന്റെ ഇച്ഛാശക്തിയിൽനിന്ന് പാഠംപഠിക്കാൻ നമ്മുടെ സർക്കാരും സ്ഥാപനങ്ങളും, ശാസ്ത്രജ്ഞരും ഇനിയും എത്രനാൾ കാത്തിരിക്കും. അതുവരേയും നമുക്ക് തമിഴ്മക്കളെ അണ്ണാച്ചികളെന്നും വിളിച്ച് വിവരംകെട്ടവരായി വൻകിടപദ്ധതികൾക്കും ആണവകരാറുകൾക്കുമായി ജയ് വിളിക്കാം.

*(കടപ്പാട്-ശാസ്ത്രഗതി)*

# ലോസ് ആഞ്ചലോസിൽ ഫാസ്റ്റ് ഫുഡ് നിരോധിച്ചു

ലോസ് ആഞ്ചലോസ്: ലോസ് ആഞ്ചലോസിൽ തെക്കൻ മേഖലയിൽ ഒരു വർഷത്തേയ്ക്ക് പുതിയ ഫാസ്റ്റ് ഫുഡ് കടകൾ നിരോധിച്ച് അധികൃതർ ഉത്തരവിറക്കി. അഞ്ച് ലക്ഷത്തിലധികം പേർ താമസിക്കുന്ന മുപ്പത്തിരണ്ട് സ്കയർ മൈൽ പ്രദേശത്താണ് പുതിയ ഉത്തരവ് ബാധകം. ഹിസ് പാനിക്, അമേരിക്ക-ആഫ്രിക്ക വംശത്തിൽപ്പെട്ടവരാണ് ഇവിടെ കൂടുതലും.

ശരീരാരോഗ്യത്തെ വളരെ മോശമായി ബാധിക്കുന്ന ഫാസ്റ്റ് ഫുഡുകളുടെ നിയന്ത്രണം ആരോഗ്യകരമായ ഭക്ഷണരീതി രൂപപ്പെടുത്താൻ വേണ്ടിയാണ്. ലോസ് ആഞ്ചലോസ് നഗരസഭയുടെ പൂർണ്ണ പിന്തുണയോടുകൂടിയാണ് നിയമം പാസാക്കിയത്.

പുതിയ നിയമപ്രകാരം നിലവിലുള്ള കടകളിലെ ഭക്ഷണങ്ങളുടെ ലിസ്റ്റ് നിജപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണങ്ങൾ വിളമ്പുന്നത് ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളായിരിക്കണം.

തെക്കൻലോസ് ആഞ്ചലോസിലാണ് ഏറ്റവും കൂടുതൽ ഫാസ്റ്റ് ഫുഡ് ശൃംഖലകൾ സ്ഥാനം പിടിച്ചിരിക്കുന്നത്. ഫാസ്റ്റ് ഫുഡുകൾക്ക് നിയന്ത്രണം വരുത്തുന്ന ആദ്യ അമേരിക്കൻ പ്രവിശ്യയാണ് ലോസ് ആഞ്ചലോസ്.

# കാഴ്ചശക്തിക്ക് വീടിന് പുറത്തെ കളികൾ

ന്യൂയോർക്ക്: വീടിനു പുറത്ത് കളിക്കുന്നത് കുട്ടികളുടെ കാഴ്ചശക്തിവർദ്ധിപ്പിക്കാൻ കാരണമാകുമെന്ന് അമേരിക്കയിൽ നടന്ന പഠനം വ്യക്തമാക്കുന്നു. മുറ്റത്ത് കളിക്കുന്നത് ഹ്രസ്വദൃഷ്ടി ഇല്ലാതാക്കുമെന്നാണ് കണ്ടെത്തൽ.

പന്ത്രണ്ടു വയസ്സുള്ള 2367 സ്കൂൾ കുട്ടികളിൽ നടത്തിയ പഠനമാണിത്. ഇൻഡോർ ഗെയിമുകൾ കുട്ടികളുടെ ആരോഗ്യത്തിന് ഗുണം നൽകുന്നില്ലെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

സദാ വീടുകളിൽ തങ്ങുന്ന കുട്ടികളിൽ ഹ്രസ്വദൃഷ്ടി കൂടുതലായി പിടിപ്പെടുന്നതും പഠനം വെളിപ്പെടുത്തി. അടച്ചുപൂട്ടിയ മുറികൾക്കകത്തുള്ള കായിക വിനോദങ്ങളും ഫലപ്രദമല്ലെന്നാണ് മറ്റൊരു കണ്ടെത്തൽ.

# ചൈനീസ് വസ്തുക്കൾ ശ്രദ്ധിച്ച് കൈകാര്യം ചെയ്യുക

ചൈനീസ് കൗതുകവസ്തുക്കളുടെ കണ്ണഞ്ചിപ്പിക്കുന്ന പകിട്ടിൽ മയങ്ങുമ്പോൾ ശ്രദ്ധിക്കുകക. കരുതലോടെ ഉപയോഗിച്ചില്ലെങ്കിൽ മാരകമായ അപകടമുണ്ടായേക്കാം.

ഇപ്പോൾ റോഡ് വക്കിൽ വില്പനക്ക് വച്ചിരിക്കുന്ന 10 രൂപ പാക്കറ്റിലുള്ള വർണ്ണത്തരികൾ മിക്കവരുടേയും ശ്രദ്ധയിൽപ്പെട്ടിരിക്കും. വെള്ളത്തിലിട്ടുവെച്ചാൽ ഈ തരികൾ വീർത്ത് മനോഹരമായ പളുങ്ക്മണികളായി മാറും. കുപ്പിപാത്രങ്ങളിൽ അലങ്കാരത്തിനുവെക്കാനാണ് ഇവ ആളുകൾ വാങ്ങുന്നത്. കൊച്ചുകുട്ടികൾ കൗതുകത്തോടെ ഇതെടുത്ത് വായിലിട്ടാലാണ് അപകടം. ഏതാനും ആഴ്ചകൾക്കുമുമ്പ് കോയമ്പത്തൂരിൽ ആറാം ക്ലാസുകാരൻ പയ്യൻ ഇതെടുത്ത് വിഴുങ്ങിയ സംഭവമുണ്ടായി. പെട്ടെന്ന്തന്നെ കുട്ടിയുടെ ശരീരം വീർത്തുവരികയും മരണം സംഭവിക്കുകയും ചെയ്തു. അത്രയും മാരകമായ വിഷപദാർത്ഥങ്ങളാണ് ഈ തിളങ്ങുന്ന മുത്തുകളിൽ ഉള്ളത്.

മിക്ക ചൈനീസ് കൗതുക വസ്തുക്കളും മുത്തുകളും നിർമ്മിക്കുന്നത് കമ്പ്യൂട്ടർ വേസ്റ്റുകളിൽ (ഇ- വേസ്റ്റ്) നിന്നാണ്. അമേരിക്കയടക്കമുള്ള വികസിതരാജ്യങ്ങളിലെ വേസ്റ്റ് ഏറ്റുവാങ്ങി ചൈനീസ്നഗര വീഥികളിൽ വച്ച് കമ്പ്യൂട്ടർ പിക്ചർ ട്യൂബ് അടിച്ചുതകർത്ത് അതിൽനിന്നും ലെഡ്, ക്ഡ്മിയം, നിക്കൽ പോലുള്ള ഘനലോഹങ്ങൾ വേർത്തിരിച്ചെടുക്കുന്ന പുതിയ തൊഴിൽ മേഖലകൾ ചൈന വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ മാരകവിഷപദാർത്ഥങ്ങൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിച്ച് അവ വികസിതരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് വേസ്റ്റു തിരികെ എത്തിക്കുന്ന തമാശപ്പണിയാണ് ചൈന യഥാർത്ഥത്തിൽ ചെയ്യുന്നത്.

നമ്മുടെ നാട്ടിലും സുലഭമായി എത്തുന്ന ചൈനീസ് വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കുക. പ്രത്യേകിച്ചും കുട്ടികൾ. ചിലതിലെങ്കിലും മാരകമായ വിഷാംശം ഉണ്ടായേക്കാം.

### മൊബൈൽ ഫോൺ ഉപയോഗം കുട്ടികളുടെ മനോനില തെറ്റിച്ചു.

ബാഴ്സിലോണ (സ്പെയിൻ): മൊബൈൽ ഫോണിന് അടിമപ്പെട്ട 12, 13 വയസ്സുള്ള 2 കുട്ടികളെ മാനസികാരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. 18 മാസമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കുട്ടികൾക്ക് അതില്ലാതെ ഒന്നും ചെയ്യാനാവില്ലെന്ന അവസ്ഥ എത്തിയപ്പോഴാണ് ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചത് . അസ്വസ്ഥമായ പെരുമാറ്റ രീതികൾ പ്രദർശിപ്പിക്കുന്ന കുട്ടികൾക്ക് സാധാരണ ജീവിതം നയിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന് ഡോക്ടർ പറഞ്ഞു.



### മസനോബു ഫുക്കുവോക്ക:

# വൈയ്ക്കോലിനെ ആയുധമാക്കിയ ആചാര്യൻ

കൃഷിയിലൂടെ എങ്ങനെ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാമെന്ന് പഠിപ്പിച്ച ആത്മീയാചാര്യനാണ് ഫുക്കുവോക്ക. കൃഷിയെന്നാൽ മണ്ണിൽ പൊന്നുവിളയിച്ചെടുക്കുന്ന ഉൽപാദനമല്ല മറിച്ച് അത് മനുഷ്യന്റെ ആത്മീയമായ ആരോഗ്യത്തിന്റെ പുന:സൃഷ്ടിയാണ് എന്ന് അദ്ദേഹം തെളിയിച്ചു. ഇരുപത്തഞ്ചാമത്തെ വയസ്സിൽ മനസ്സിൽ ഉടലെടുത്ത ദർശനത്തിന് പ്രായോഗിക രൂപം നൽകാൻ ജോലി രാജിവെച്ച് വയലിലേക്കിറങ്ങുകയായിരുന്ന അദ്ദേഹത്തിന്റെ ദർശനങ്ങൾക്ക് സെൻ-ബുദ്ധ-താവോ തത്വങ്ങളുടെ സ്വാധീനമുള്ളതായികാണാം.

ശാസ്ത്രസാങ്കേതികതകൾ ആധിപത്യം സ്ഥാപിച്ച സമൂഹത്തിൽ സാധാരണ മനുഷ്യന്റെ അനുഭവങ്ങളെയും അറിവിനെയും നിരാകരിച്ച് ജീവിതം കൂടുതൽ സങ്കീർണ്ണതയിലേക്ക് എത്തിച്ചതെന്തുകൊണ്ട് എന്ന് ഫുക്കുവോക്ക ചോദിക്കുന്നുണ്ട്. ജീവിതത്തിൽ നിന്ന് വേണ്ടാത്തതെല്ലാം ഒഴിവാക്കി അതിനെ എങ്ങനെ കമനീയമായ ശില്പമാക്കി മാറ്റാം എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതാന്വേഷണം.

> *''അതിരുകടന്ന ദുരയാണ് ലോകത്തെ ദുരിതസന്ധിയിലെത്തിച്ചത്. സാവധാനത്തേക്കാൾ ധൃതിക്കും ചെറുതിനേക്കാൾ വലുതിനും മുൻഗണന നൽകുന്ന വികസന പകിട്ട് മാനവ സമൂഹങ്ങളുടെ പതനം ആസന്നമാക്കുന്നു.''*
>
> *-ഫുക്കുവോക്ക*

പാട്ടുകെട്ടാനും കവിതരചിക്കാനും സമയം കിട്ടുന്ന ഒരു ജീവിതത്തിൽ നിന്നും മനുഷ്യനെ ആട്ടിപായിപ്പായിച്ച് വൻകിട യന്ത്രകൃഷിയിൽ കെട്ടിയിട്ട് ജീവിതത്തിലെ സംഗീതം ചോർത്തികളയുന്ന ഏർപ്പാടിനെ തിരുത്തുന്നതായിരുന്നു അദ്ദേഹത്തിന് പ്രകൃതികൃഷി.

ഗാന്ധിജി ചർക്കയെയെന്ന പോലെ ഫുക്കുവോക്ക വൈക്കോലിനെ ആയുധമാക്കി. ആധുനിക നാഗരികത നേരിടുന്നപ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ ഗാന്ധിജിയിലെന്ന പോലെ ഫുക്കുവോക്കയിലുമുണ്ട്.

വേഗതയിലും വലുപ്പത്തിലും വിശ്വാസമർപ്പിച്ച് പുത്തൻ സാങ്കേതികതയും ആഗോള മൂലധനവും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും എന്ന് വിശ്വസിക്കുന്ന കേരളീയർക്ക് ഈ ജപ്പാൻകാരന്റെ 1975ൽ പ്രസിദ്ധീകരിക്കുകയും 1987ൽ മലയാളത്തിൽ എത്തുകയും ചെയ്ത ഒറ്റവൈയ്ക്കോൽ വിപ്ലവം (The One straw Revolution) എന്ന പുസ്തകത്തിലെ ദർശനം ഇനിയും പ്രത്യാശയുടെ വെളിച്ചം നൽകും!

*-ലിമാ ന്യൂസ് ഡെസ്ക്*

# ബേബി ഫുഡ്ഡിൽ വിഷം

**ഐ. പി. ബാബു**

കാൻസർ, ന്യൂറോ ബിഹേവിയർ തകരാറുകൾ എന്നിവയ്ക്കു കാരണമായേക്കാവുന്ന രാസവസ്തുക്കളാൽ ഇന്നു ലഭ്യമായ ടിന്നിലടച്ചുവരുന്ന ശിശുഭക്ഷണ പദാർത്ഥങ്ങൾ മലീമസമാക്കപ്പെട്ടിരിക്കുന്നു. അമേരിക്ക ആസ്ഥാനമായ പൊതുതാൽപര്യസംഘടന എൻവയോൺ മെന്റൽ വർക്കിംഗ് ഗ്രൂപ്പ് (EWG) മൃഗങ്ങളിൽ നടത്തിയ പഠനങ്ങൾ ഇത് ശരിവെക്കുന്നു. EWG 2007 ഡിസംബറിലാണ് അവരുടെ കണ്ടെത്തലുകൾ പുറത്തുവിട്ടത്.

ലോഹപാത്രങ്ങൾ തുരുമ്പിക്കുന്നതു (ദ്രവിക്കുക) തടയാൻ അതിന്റെ ഉൾവശത്ത് ആവരണം ചെയ്യുന്നതിന് ഉപയോഗിക്കുന്ന രാസപദാർത്ഥമാണ് ബൈസ്ഫിനോൾ Bisphenol- A (BPA എന്ന് ചുരുക്കപ്പേർ). അന്വേഷണങ്ങൾ തെളിയിക്കുന്നത് BPA ബേബി ഫുഡ്ഡിലേക്ക് അരിച്ചിറങ്ങുകയും വിഷരാസവസ്തുക്കൾ കലരാൻ ഇടയാവുകയും ചെയ്യുന്നു. നെസ്ലെ, മീഡ് ജോൺസൻ തുടങ്ങി വിപണിയിൽ ഏറ്റവും പ്രചാരത്തിലുള്ള ബ്രാൻഡുകളെല്ലാം തന്നെ പരിശോധനയ്ക്ക് വിധേയമാക്കി. ശരാശരി മലിനീകരണം 5ppb (parts per billion) ആണെന്നു കണ്ടു. എന്നാൽ പരിശോധിച്ച 4 എണ്ണത്തിൽ ഇത് 10 PPb യായിരുന്നു. ബൈസ് ഫിനോൾ അർബുദകാരിയാണ്, പ്രത്യുൽപാദന അവയവങ്ങളിൽമാറ്റം വരുത്തുകയും ചെയ്യുന്നു. ബോസ്റ്റണിലെ ടഫ്റ്റ് യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് മെഡിസിന്റെ പഠനം പറയുന്നത് 2.5 PPb അളവിലുള്ള BPAസാന്നിദ്ധ്യം ചുണ്ടെലികളിൽ സ്തനാർബുദമായി ബന്ധപ്പെട്ട കോശസംഘടനയിൽ അസ്വാഭാവിക വളർച്ചയ്ക്ക് ഹേതുവായി എന്നാണ്.

മനുഷ്യ സ്ത്രീകളിൽ സ്തനാർബുദമുണ്ടാക്കുന്നതിൽ BPA ക്ക് പങ്കുണ്ടെന്ന് ശാസ്ത്രജ്ഞനായ C.H എഡ്വാസ് പറയുന്നു. ദന്ത ചികിത്സാ സാമഗ്രികൾ സീൽ ചെയ്യാൻ ഉപയോഗിക്കുന്ന വസ്തുവിലും BPAഅടങ്ങിയിരിക്കുന്നു. മാത്രമല്ല ഇത് കൂടുതലായി ഉപയോഗിക്കപ്പെടുന്നത് തയ്യാർ ചെയ്ത ഭക്ഷണസാധനങ്ങൾ അടക്കം ചെയ്തിട്ടുള്ള ടിന്നുകളുടെ ഉൾഭാഗം ആവരണം ചെയ്യുന്ന റെസിനുകളിലാണ്. ഗർഭാശയത്തിൽ ഈ രാസവസ്തു വളരെ നേരിയ തോതിൽ പോലും എത്തിപ്പെടുന്നത് സാരമായ ദോഷം ചെയ്യും. അവയവത്തിന്റെ രൂപവും ഭാവവും മാത്രമല്ല അതു നിർവ്വഹിക്കുന്ന ധർമ്മത്തെപോലും എന്നന്നേക്കുമായി അത് മാറ്റിമറിക്കും.

ഇന്ത്യയിലെ ശിശുഭക്ഷണ ഉപഭോഗം (ബേബി ഫുഡ്) 2003-2004 ൽ 363,000 ടൺ ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് 2009-2010 ൽ 538,000 ടൺ ബേബി ഫുഡ് ആവശ്യമായിവരും. ഭക്ഷ്യസുരക്ഷയും മാന ദണ്ഡവും പരിഗണിച്ച് 2006 ലെ നിയമ (Food Safty and Standard Act 2006)ത്തിൽ പാക്കു ചെയ്ത ഭക്ഷണത്തിലെ വിഷത്തെകുറിച്ച് അവ്യക്തതയാണുള്ളത് എന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ പറഞ്ഞു. ഉള്ള നിയമങ്ങൾ പോലും പാലിക്കപ്പെടാതെ പോകുമ്പോൾ, വ്യക്തതയില്ലാത്തവയുടെ കാര്യം പറയേണ്ടതില്ലല്ലോ

('ഡൗൺ ടു എർത്തി'ൽ നിന്ന് സംഗ്രഹിച്ചത്)

**Little Masika September 2008** Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registar of News Papers for India New Delhi **Rs. 6.25**

**Little Masika**
September 2008

*If undeliverd, please return to*
EDITOR
LITTLE MASIKA
CHUNGATHARA P.O.
MALAPPURAM DT. PIN: 679 334
KERALA

Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registar of News Papers for India New Delhi **Rs. 6.25**



# ലിറ്റിൽ മാസിക

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു.
പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു.

ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

എഡിറ്റർ
ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ.
മലപ്പുറം ജില്ല 679334




Edited Printed, Published and owned by Biju John at Co-op Press, Chungathara
Type Setting -DTP Apple Graphics, Manjeri 9349931587